# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 30** **September 2016** **No.6**

# എഡിറ്റോറിയൽ

വ്യക്തി ജീവിതത്തിലും സാമൂഹ്യജീവിതത്തിലും ആത്മിക ജീവിതത്തിലും സമാധാനത്തിന് വളരെ പ്രസക്തിയുണ്ട്. കർത്താവ് ഈ ലോകത്തിലേക്ക് വന്നതു തന്നെ സമാധാനം ഉണ്ടാക്കുവാനാണ്. സമാധാനം നമ്മുടെ ഓരോരുത്തരുടേയും ഉള്ളിൽ വരുവാൻ ദൈവം ആഗ്രഹിക്കുമ്പോൾ, ശത്രു മനുഷ്യമനസിൽനിന്ന് സമാധാനം എടുത്തുകളയുവാനാണ് ശ്രമിക്കുന്നത്. കർത്താവ് മനുഷ്യനായി ജീവിച്ചപ്പോൾ നൽകിയ ഉപദേശങ്ങൾ എല്ലാവരും അനുസരിക്കണം. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ എന്നാണ് അവൻ അരുളിച്ചെയ്തിരിക്കുന്നത്. എല്ലാവരും സമാധാനം കാംക്ഷിക്കുന്നവരാണ്. പക്ഷെ ആളുകളുടെ സംസാരവും പെരുമാറ്റവും പ്രവൃത്തികളുമാണ് സമാധാനം തകർക്കുന്നത്. ചുരുക്കി പറഞ്ഞാൽ നിയമലംഘനമാണ് സമാധാനം ഇല്ലാതാകുവാനുള്ള കാരണം. പാപമാണല്ലൊ ദൈവം നമ്മിൽനിന്നും അകലുവാനുള്ള കാരണം. പാപത്തിൽ ജീവിക്കുന്നവരുടെ പ്രാർത്ഥന പോലും ദൈവം വെറുക്കുന്നു. കാരണം അവൻ പാപത്തെ വെറുക്കുന്നവനാണ്. അതേ സമയം അവൻ പാപിയെ സ്നേഹിക്കുകയും ചെയ്യുന്നു. മനുഷ്യർക്ക് ഇത് അസാധ്യമാണ്. മാനുഷിക കാഴ്ച്ചപ്പാട് അനുസരിച്ചാണ് ആളുകൾ ആളുകളോട് പെരുമാറുന്നത്. ദൈവം സ്നേഹമാകയാൽ അവൻ എല്ലാവരോടും സ്നേഹത്തോടുകൂടിയാണ് ഇടപെടുന്നത്. കാരണം എല്ലാ മനുഷ്യരും ദൈവത്തിന്റെ സന്താനങ്ങളാണ്.

ദൈവ നിയമത്തിന് വിരുദ്ധമായി സംസാരിക്കുകയും പ്രവർത്തിക്കുയും ചെയ്യുമ്പോൾ നാം ദൈവത്തിന്റെ മക്കളല്ലാതാകുന്നു. ദൈവത്തിന്റെ ആദ്യ ആജ്ഞ സംഘിച്ചപ്പോൾ മനുഷ്യരെ ദൈവം ഏദെൻ

തോട്ടത്തിൽനിന്നു പുറത്താക്കിയ ചരിത്രമാണ് നാം വായിക്കുന്നത്. എന്തിനേയും ഏതിനേയും എതിർക്കുന്നവരും. അതിനെ ചോദ്യം ചെയ്താൽ ഉപദ്രവിക്കയും അക്രമിക്കുകയും ചെയ്യുന്ന സമൂഹമാണ് നമുക്ക് ചുറ്റുമുള്ളത്. പക്ഷെ ഒരു കുടുംബത്തിലെ അംഗങ്ങൾ എല്ലാം പൊറുക്കുകയും ക്ഷമിക്കുകയും ചെയ്താൽ മറ്റുള്ളവരെ ബഹുമാനിക്കുകയും കണക്കാക്കുകയും ചെയ്യുന്നു എന്നു മനസിലാക്കാം. അല്ലെങ്കിൽ പരസ്പരം കടിച്ചുകീറുന്ന മനോഭാവമാണുള്ളതെങ്കിൽ വ്യക്തിപരമോ കുടുംബപരമോ ആയ കാര്യങ്ങൾ ഒന്നും നേരെ ചൊവ്വേ പോകുകയില്ല. ചില ഭവനങ്ങളിൽ സമാധാനത്തിനു പകരം കലഹമാണ് സംഭവിക്കുന്നത്. അത് അവരുടെ ഭോഗേഛ കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. സൗമ്യതയുള്ളവർക്കേ സഹിഷ്ണുത കാണുകയുള്ളു. സമാധാനത്തിന് സൗമ്യതയും, താഴ്മയും സഹിഷ്ണുതയും അനിവാര്യമാണ്. കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനം ആചരിപ്പിൻ. കർത്താവ് സമാധാനപ്രഭുവാണ്. അവൻ തന്റെ സമാധാനം ശിഷ്യന്മാർക്ക് നൽകിയിട്ടാണ് പോയത്.

ലോകം തരുന്ന സമാധാനം വൈകാരികവും ഭൗതികവുമായതിനാൽ അത് താൽക്കാലികമാണ്. എന്നാൽ ദൈവം തരുന്ന സമാധാനം നിത്യമാണ്. ആ സമാധാനം യേശുക്രിസ്തു മുഖാന്തരമാണ് ലഭിക്കുന്നത്. നമ്മുടെ പാപങ്ങൾ മോചിച്ചുതരുവാൻ യേശുക്രിസ്തു പ്രാപ്തനാണ്. കാരണം അവൻ പാപികൾക്കായി ഏക പ്രായശ്ചിത്ത ബലിയായി തീർന്നു. നാം ദൈവത്തോട് നിരന്നുകൊള്ളുമ്പോഴാണ് നമ്മുടെ ഉള്ളിൽ സമാധാനം വരുന്നത്. പാപങ്ങൾ വെച്ചുകൊണ്ടിരുന്നാൽ നമ്മുടെ മനസാക്ഷി നമ്മെ കുറ്റം വിധിച്ചുകൊണ്ടിരിക്കും. പക്ഷെ അവൻ നമ്മുടെ പാപങ്ങളെല്ലാം ക്ഷമിക്കാമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. മനുഷ്യരോടും ദൈവത്തോടും നാം നിരന്നുകൊള്ളണമെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. ചിലർ മനുഷ്യരോട് നിരപ്പ് പ്രാപിക്കാതെ ദൈവത്തോട് നിരന്നാൽ മതി എന്നു കരുതുന്നു. അത് ദൈവഹിതപ്രകാരമുള്ള കാഴ്ച്ചപ്പാടല്ല. യേശുക്രിസ്തു അരുളിച്ചെയ്തത്, ഈ ചെറിയവരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തത് എനിക്കു ചെയ്തു എന്നാണ്. പുതിയനിയമത്തിൽ അപ്പൊസ്തലന്മാർ മുഖേന നമുക്ക് നൽകിയിരിക്കുന്നത് ഒരു സമാധാന സുവിശേഷവും നിരപ്പിന്റെ ശുശ്രൂഷയുമാണ്. എന്റേയും നിങ്ങളുടേയും ഉള്ളിൽ സമാധാനം തരുന്ന ദൈവത്തിന്റെ കരങ്ങളിലേക്ക് നമ്മുടെ ജീവിതത്തെ നമുക്ക് ഭരമേൽപിക്കാം. സമാധാനത്തിന്റെ ദൈവം നിങ്ങളെ കാത്തുകൊള്ളട്ടെ.

*

# ക്രിസ്തുവിന്റെ സംഭവം

## *J.C.* ചോട്ട്

യേശുക്രിസ്തുവിനെ കുറിച്ച് ലോകത്തുള്ള മിക്ക ആളുകളും കേട്ടിരിക്കുന്നു എന്നു പറയാം. പക്ഷെ യേശു വാസ്തവത്തിൽ ആരാണ്? അവന്റെ ജീവിത കാലയളവിലെ സംഭവങ്ങളെല്ലാം വിവരിക്കുന്നത് എന്തുദ്ദേശത്തോടെയാണ് എന്ന് വിശദമായി ഓരോരുത്തരും മനസിലാക്കിയിരിക്കണം. കാരണം മനുഷ്യ ജീവിതം എന്നു പറയുന്നതു തന്നെ അവനുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ബൈബിളിലെ ആദ്യ വാക്യത്തോടുകൂടിയാണ് ക്രിസ്തുവിന്റെ സംഭവ വിവരണം ആരംഭിക്കുന്നത്. ഏതൊരു സംഭവത്തിനും ഒരു ആധികാരികത വേണമല്ലോ. തിരുവെഴുത്തുകൾക്ക് ദൈവികാധികാരം ഉണ്ട്. ദൈവമാണ് പരമാധികാരി. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉൽപത്തി 1:1). ദൈവത്തെയും പരിശുദ്ധാത്മാവിനേയും ക്രിസ്തുവിനേയും ഉൾപ്പെടുത്തിയാണ് ഇവിടെ എബ്രായ പദം ഉപയോഗിച്ചിരിക്കുന്നത്. അത് ഉൽപത്തി 1:26 മായി യോജിക്കുന്നു. "നമ്മുടെ സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യനെ ഉണ്ടാക്ക" എന്നാണ് ദൈവം അവിടെ പറയുന്നത്.

പുതിയ നിയമത്തിൽ അതേ വാക്ക് എബ്രായ ലേഖനത്തിലും നമുക്ക് വായിക്കുവാൻ കഴിയും. "ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും പിതാക്കന്മാരോടും പ്രവാചകന്മാരോടും സംസാരിച്ചിട്ട് ഈ അന്ത്യകാലത്ത് തന്റെ പുത്രൻ മുഖാന്തരം സാസാരിക്കുന്നു" (എബ്രായർ 1:1, 2). യോഹന്നാന്റെ സുവിശേഷത്തിൽ യോഹന്നാൻ വ്യക്തത നൽകി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക:"ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു" സകലതും അവൻ മുഖാന്തരം ഉളവായി. ഉളവായത് ഒന്നും അവനെ കൂടാതെയല്ല (യോഹന്നാൻ 1:1-3). ആദ്യ മനുഷ്യൻ ഏദെൻ തോട്ടത്തിൽ വെച്ച് പാപം ചെയ്തശേഷം ദൈവം പിശാചിനോട് പറഞ്ഞു, "ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാൽ തകർക്കും" (ഉൽപത്തി 3:15). ക്രിസ്തുവിന്റെ വരവിനെ കുറിച്ചുള്ള ആദ്യ വെളിപ്പെടുത്തൽ പിന്നീട് സംഭവിച്ചതായി ഗലാത്യലേഖനത്തിൽ വിവരിക്കുന്നു. എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്ന് ജനിച്ചവനായി ന്യായപ്രമാണത്തിൻകീഴ് ജനിച്ചവനായി നിയോഗിച്ചയച്ചത് ന്യായപ്രമാണത്തിൻകീഴുള്ളവരെ വിലെക്കു വാങ്ങി

യിട്ട് നാം പുത്രത്വം പ്രാപിക്കേണ്ടതിനത്രെ (ഗലാത്യർ 4:4). നിറവേറപ്പെട്ട പ്രവചനങ്ങൾ അനവധിയാണെങ്കിലും നമുക്ക് ഏതാനും പ്രവചനങ്ങളെ നോക്കാം. അതുകൊണ്ട് കർത്താവ് തന്നെ നിങ്ങൾക്ക് ഒരു അടയാളം തരും. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനുവേൽ എന്നു പേർ വിളിക്കും (യെശയ്യാവ് 7:14). അടയാളം അന്വേഷിച്ചുകൊണ്ടിരുന്ന യെഹൂദന്മാർ വിശ്വസിക്കേണ്ടതിനായിരുന്നു ദൈവം ഇപ്രകാരം ഒരു അടയാളം നൽകിയത് എന്നു സ്പഷ്ടം.

കർത്താവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതനുസരിച്ചാണ് ഇത് സംഭവിച്ചതെന്ന് വളരെ വ്യക്തമായി മത്തായിയുടെ സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്നു. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും എന്നു കർത്താവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തത് നിവർത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു" (മത്തായി 1:23, 24). ഈ സംഭവം എവിടെ നടക്കുമെന്ന് മീഖാ പ്രവാചകൻ മുൻകൂട്ടി അറിയിച്ചിരുന്നു. "നീയോ ബേത്ത്ലഹേം എഫ്രാത്തേ, നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്ക് നിന്നിൽനിന്നു ഉത്ഭവിച്ചുവരും. അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ" (മീഖാ 5:2). ഹെരോദാരാജാവിന്റെ കാലത്ത് യേശു യെരുശലേമിലെ ബേത്ത്ലഹേമിൽ ജനിച്ച ശേഷം കിഴക്കുനിന്നു വിദ്വാന്മാർ യെരുശലേമിൽ എത്തി. യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്ക് കണ്ടു അവനെ നമസ്ക്കരിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. ഹെരോദാവ് അതു കേട്ടിട്ട് അവനും യെരുശലേമും ഒക്കെയും ഭ്രമിച്ചു. ജനത്തിന്റെ മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും എല്ലാം കൂട്ടി വരുത്തി, ക്രിസ്തു എവിടെയാകുന്നു ജനിക്കുന്നത് എന്ന് അവരോട് ചോദിച്ചു. അവർ അവനോട്, യെരുശലേമിലെ ബേത്ത്ലഹേമിൽ തന്നെ. യെഹൂദ്യയിലെ ബേത്ത്ലഹേമേ, നീ യെഹൂദ്യപ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല; എൻ ജനമായ യിസ്രായേലിനെ മേയ്പാനുള്ള തലവൻ നിന്നിൽനിന്നു പറപ്പെട്ടുവരും എന്ന് പ്രവാചകൻ മുഖാന്തരം എഴുതിയിരിക്കുന്നു എന്നു പറഞ്ഞു" (മത്തായി 2:2–6).

യേശു അനുഭവിക്കുവാനിരിക്കുന്ന കഷ്ടതയെയും മരണത്തെയും കുറിച്ച് അവൻ മനുഷ്യനായി ജനിക്കുന്നതിന് ഏകദേശം 750 വർഷങ്ങൾക്ക് മുൻപ് യെശയ്യാപ്രവാചകൻ പ്രവചിച്ചിരുന്നു. "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്ന് വിചാരിച്ചു; എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ

നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു; നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവന്റെ മേലായി; നാം എല്ലാവരും ആടുകളെ പോലെ തെറ്റിപ്പോയിരിക്കുന്നു; നാം ഓരോരുത്തരും താന്താന്റെ വഴിക്ക് തിരിഞ്ഞിരിക്കുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി" (യെശയ്യാവ് 53:4-6). ആ പ്രവചന നിവർത്തീകരണം മത്തായി 8:17; 1 പത്രൊസ് 2:24; മത്തായി 26:62, 63; മത്തായി 27:57-60 എന്നീ വാക്യങ്ങളിൽ കാണാം. മശിഹ വരുമെന്ന് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപ് ദൈവം അരുളിച്ചെയ്തതനുസരിച്ചായിരുന്നു ക്രിസ്തു ജഡത്തിൽ വന്നത് (യോഹന്നാൻ 12:14; 2 യോഹന്നാൻ 7; 1 യോഹന്നാൻ 4:2). സ്ത്രീയിൽ ജനിച്ചവനായി ഭൂമിയിൽ മനുഷ്യനായി ജീവിച്ച് ക്രൂശിൽ കഷ്ടതയേറ്റു മരിച്ചു (യോഹന്നാൻ 3:16, 17; റോമർ 8:2; 1 പത്രൊസ്. 3:18).

യേശുക്രിസ്തുവിന്റെ ജനനത്തെ കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കുക. "അവന്റെ അമ്മയായ മറിയ യോസേഫിന് വിവാഹം നിശ്ചയിച്ച ശേഷം. അവർ കൂടിവരുംമുമ്പെ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു. അവളുടെ ഭർത്താവ് യോസേഫ് നീതിമാനാക കൊണ്ടും അവൾക്ക് ലോകാപവാദം വരുത്തുവാൻ അവനു മനസില്ലായ്കകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു. ഇങ്ങനെ നിനെച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി; ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട; അവളിൽ ഉൽപാദിതമായത് പരിശുദ്ധാത്മാവിനാലാകുന്നു. അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന്ന് യേശു എന്ന് പേർ ഇടേണം എന്നു പറഞ്ഞു" (മത്തായി 1:18 -22). .യേശു വളർന്ന് വലുതായി യോഹന്നാനാൽ സ്നാനമേറ്റു (മത്തായി 3:13, 17). പിന്നെ അവൻ പോയി പ്രസംഗിക്കയും ഉപദേശിക്കയും ചെയ്തു. കൂടാതെ സകലവിധ വ്യാധിയേയും രോഗത്തെയും സൗഖ്യമാക്കി.

.യേശു ചെയ്ത അത്ഭുതങ്ങളെല്ലാം താൻ ദൈവപുത്രനാണെന്ന് ജനം വിശ്വസിക്കേണ്ടതിനായിരുന്നു. ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളതും അല്ലാത്തതുമായ അനേകം അത്ഭുതങ്ങൾ യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. അവൻ ചെയ്ത അത്ഭുതങ്ങളെല്ലാം എഴുതുകയാണെങ്കിൽ ഒരു പുസ്തകത്തിൽ ഒതുങ്ങുകയില്ല എന്ന് സ്പഷ്ടം. നാം പാപികളായിരുന്നപ്പോൾ അവൻ നമുക്ക് വേണ്ടി മരിച്ചത് നമ്മോടുള്ള സ്നേഹത്തെ പ്രദർശിക്കുന്നു. അവൻ ക്രൂശിൽ മരിച്ചു, അടക്കപ്പെട്ടു, ഉയർത്തെഴുന്നേറ്റു നാൽപതു നാളോളം ജനത്തിനിടയിൽ പ്രത്യക്ഷനായി. ശിഷ്യന്മാർക്ക് തന്നെത്തന്നെ വെളിപ്പെടുത്തി കൊടുത്തു (1

കൊരിന്ത്യർ 15:1-8). അതാണ് സുവിശേഷം. ലോകത്തിൽ സകലജാതി കളോടും പ്രസംഗിപ്പാൻ കർത്താവ് കൽപിച്ചതും അപ്പൊസ്തലന്മാർ അതനുസരിച്ച് പ്രവർത്തിച്ചതും ഓർക്കുക. അവൻ കർത്താധി കർത്താവും രാജാധിരാജാവുമാണ്.

അതേ യേശുവാണ് താൻ തന്റെ സഭയെ പണിയും എന്നു പറഞ്ഞത് (മത്തായി 16:18). യേശുക്രിസ്തു മരിച്ച് ഉയർത്തെഴുന്നേറ്റ ശേഷം ആദ്യത്തെ പെന്തെക്കൊസ്തുനാളിൽ അപ്പൊസ്തലന്മാരാൽ സുവി ശേഷം പ്രസംഗിക്കുകയും കേട്ടവർ മാനസാന്തരപ്പെട്ട് പാപമോചന സ്നാനം ഏൽക്കുകയും ചെയ്തപ്പോൾ അവരെ കർത്താവ് രക്ഷിച്ച് തന്റെ സഭയോട് ചെർത്തു (പ്രവൃത്തികൾ 2:47). ലോകത്തിനു മുഴു വൻ രക്ഷാപദ്ധതി നൽകിയ യേശു പോയതുപോലെ വീണ്ടും വരുമെന്ന് അരുളിച്ചെയ്തിട്ടാണ് പോയത്. അവന്റെ വാഗ്ദാനങ്ങളൊന്നും നിറവേറ പ്പെടാതിരിക്കുകയില്ല. ലോകത്തിന്റെ ഏകപ്രത്യാശ ക്രിസ്തുവാണ്. പാപ മോചനവും നിത്യജീവനും നൽകുവാൻ യേശുവിനു മാത്രമെ കഴിയു. ഈ യാഥാർത്ഥ്യം ആളുകൾ തിരിച്ചറിയണം. കൂടാതെ അവൻ ഇന്നും സദാ പക്ഷവാദം ചെയ്യുന്നവനായി ജീവിക്കുന്നു എന്ന വസ്തുതയും നമ്മെ ഉത്തേജിപ്പിക്കുന്നതാണ്. ലോകാവസാനം കർത്താവ് വരുമ്പോൾ അവൻ അന്തിമ ന്യായവിധി നടത്തും.

✶

# ദൈവത്തിന് പരിമിതിയില്ല

## ദില്ലാർഡ് തർമാൻ

ദൈവം നമ്മുടെ സൃഷ്ടാവും കർത്താവുമാണ്. അവൻ സർവ്വശക്ത നാണ് അവന് യാതൊരു പരിമിതികളുമില്ല എന്ന കാര്യം നാം മറക്കരു ത്. സൃഷ്ടിതാവും കർത്താവും ആയ ദൈവത്തിന് മനുഷ്യരുടെ മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ സകല അധികാരവും അവകാശ വുമുണ്ട്. ദൈവം തിരഞ്ഞെടുത്ത ജനത്തോട് അവൻ ദീർഘക്ഷമയു ള്ളവനായിരുന്നു. “എങ്കിലും അവൻ കരുണയുള്ളവനാകകൊണ്ട് അവരെ നശിപ്പിക്കാതെ അവരുടെ അകൃത്യം ക്ഷമിച്ചു; തന്റെ ക്രോധത്തെ മുഴുവനും ജ്വലിപ്പിക്കാതെ തന്റെ കോപത്തെ പലപ്പോഴും അടക്കിക്ക ളഞ്ഞു. മരുഭൂമിയിൽ അവർ എത്ര പ്രാവശ്യം അവനോട് മൽസരിച്ചു. അവർ പിന്നെയും പിന്നെയും ദൈവത്തെ പരീക്ഷിച്ചു. ശത്രുവിൻവശ ത്തുനിന്ന് അവൻ അവരെ വിടുവിച്ചതും അവർ ഓർത്തില്ല” (സങ്കീർത്ത നങ്ങൾ 78:39-41). ദൈവത്തിന് ചെയ്യുവാൻ കഴിയുന്ന കാര്യങ്ങളെ അവർ

അവർ പരിമിതപ്പെടുത്തി. അവർ അവന്റെ വചനങ്ങളെ വിശ്വസിച്ചു; അവന്നു സ്തുതി പാടുകയും ചെയ്തു; എങ്കിലും അവർ വേഗത്തിൽ അവന്റെ പ്രവൃത്തികളെ മറന്നു; അവന്റെ ആലോചനക്ക് കാത്തിരിക്കുന്നതുമില്ല. മരുഭൂമിയിൽ വെച്ച് അവർ ഏറ്റവും മോഹിച്ചു; നിർജ്ജനപ്രദേശത്ത് അവർ ദൈവത്തെ പരീക്ഷിച്ചു. അവർ അപേക്ഷിച്ചത് അവൻ അവർക്ക് കൊടുത്തു. എങ്കിലും അവരുടെ പ്രാണന്നു ക്ഷയം അയച്ചു (സങ്കീർത്തനങ്ങൾ 106:13-15). അവർ ദൈവത്തെ പരിമിതപ്പെടുത്തിയപ്പോൾ സ്വയം അവർ തങ്ങളെത്തന്നെ പരിമിതപ്പെടുത്തുകയായിരുന്നു. ആ മരുഭൂമിയിൽ വെച്ച് യിസ്രായേൽജനത്തിന്റെ സംഘം ഒക്കെയും മോശെക്കും അഹരോനും വിരോധമായി പിറുപിറുത്തു. അവർ അവരോട് ഞങ്ങൾ ഇറച്ചിക്കലങ്ങളുടെ അടുക്കൽ ഇരിക്കയും തൃപ്തിയാകുംവണ്ണം ഭക്ഷണം കഴിക്കയും ചെയ്തു മിസ്രയിംദേശത്തുവെച്ചു യഹോവയുടെ കയ്യാൽ മരിച്ചിരുന്നു എങ്കിൽ കൊള്ളായിരുന്നു. നിങ്ങൾ ഈ സംഘത്തെ മുഴുവനും പട്ടിണിക്കിട്ട് കൊല്ലുവാൻ കൊണ്ടുവന്നിരിക്കുന്നു എന്നു പറഞ്ഞു (പുറപ്പാട് 16:2, 3).

യിസ്രായേൽ ജനത്തിന്റെ അവിശ്വാസവും മൽസരവും നിമിത്തമായിരുന്നു അവർ ദൈവത്തെ പരിമിതപ്പെടുത്തിയത്. ഞാൻ വിളിച്ചിട്ട് നിങ്ങൾ ശ്രദ്ധിക്കാതെയും ഞാൻ കൈ നീട്ടിയിട്ട് ആരും കൂട്ടാക്കാതെയും നിങ്ങൾ എന്റെ ആലോചന ഒക്കെയും ത്യജിച്ചുകളകയും എന്റെ ശാസനയെ ഒട്ടും അനുസരിക്കാതിരിക്കയും ചെയ്തതുകൊണ്ട് ഞാനും നിങ്ങളുടെ അനർത്ഥ ദിവസത്തിൽ ചിരിക്കും. നിങ്ങൾ ഭയപ്പെടുന്നത് നിങ്ങൾക്ക് ഭവിക്കുമ്പോൾ പരിഹസിക്കും" (സദൃശവാക്യങ്ങൾ 1:24-26). ദൈവം അവർക്കു നൽകുവാൻ ആഗ്രഹിച്ച നന്മയും മനസ്സലിവും തങ്ങളുടെ പ്രവൃത്തികളാൽ അവർ നിഷേധിക്കുകയായിരുന്നു. അക്കാരണത്താൽ യിസ്രായേൽ മരുഭൂമിയിൽ നാൽപതു സംവൽസരം അലഞ്ഞു നടന്നു. അക്കാരണത്താൽ അവർ വാഗ്ദത്തദേശമായ കനാനിനു പുറത്തുവെച്ച് മരിച്ചുപോയി.

മനുഷ്യന്റെ പാപങ്ങളും അകൃത്യങ്ങളുമാണ് ദൈവത്തെ പരിമിതപ്പെടുത്തുന്നത്. മനുഷ്യരാണ് ദൈവത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് പിന്തിരിഞ്ഞത് എന്നോർക്കുക, അല്ലാതെ ദൈവം അല്ല. "രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകിയിട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങളത്രെ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങളത്രെ അവൻ കെൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറെക്കുമാറാക്കിയത് (യെശയ്യാവ് 59:1, 2). വേർപാടിന്റെ ചുവർ പണിതത് മനുഷ്യരാണ് അല്ലാതെ ദൈവം അല്ല. അങ്ങനെ ചെയ്തു

കൊണ്ട് മനുഷ്യർ ദൈവത്തിന്റെ അനുഗ്രഹങ്ങൾ തങ്ങൾക്ക് പരിമിതപ്പെടുത്തി. ദൈവം മനുഷ്യരെ തീർച്ചയായും അനുഗ്രഹിക്കുവാനാണ് ആഗ്രഹിക്കുന്നത്, പക്ഷെ മനുഷ്യർ അവ നിഷ്ക്കരുണം തള്ളിക്കളയുകയാണ്. സഹായിക്കുവാൻ ദൈവം ഇല്ലാതെവരുമ്പോൾ മനുഷ്യജീവിതം ദുസ്സഹമായി തീരും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. തെറ്റായ നമ്മുടെ ബന്ധങ്ങളും ദൈവത്തെ പരിമിതപ്പെടുത്തുവാനിടയാകും. വ്യക്തിപരമായി നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കുവാനുള്ള അവസരം വലിയ ആത്മീയ അനുഗ്രഹമാണ്. "അവർ നിലവിളിച്ചു, രക്ഷിപ്പാൻ ആരും ഉണ്ടായിരുന്നില്ല. യഹോവയോട് നിലവിളിച്ചു, അവൻ ഉത്തരം അരുളിയതുമില്ല (സങ്കീർത്തനങ്ങൾ 18:41).

നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കും (യാക്കോബ് 5:16). മനുഷ്യർ പ്രാർത്ഥിക്കാതിരിക്കുമ്പോൾ അവർ ദൈവത്തെ പരിമിതപ്പെടുത്തുകയാണ്. യിസ്രായേൽ ജനം പ്രാർത്ഥിക്കാതിരുന്നപ്പോൾ ദൈവത്തിന് അവരെ അനുഗ്രഹിക്കുവാൻ കഴിഞ്ഞില്ല. കർത്താവ് ഒരു വാഗ്ദാനവുമായി ശലോമോനെ സമീപിച്ചു. "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി. പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ ഞാൻ സ്വർഗത്തിൽനിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന്നു സൗഖ്യം വരുത്തിക്കൊടുക്കും. നിങ്ങൾ മോഹിച്ചിട്ടും പ്രാപിക്കുന്നില്ല. നിങ്ങൾ കൊല്ലുകയും അസൂയപ്പെടുകയും ചെയ്തിട്ടും ഒന്നും സാധിക്കുന്നില്ല. നിങ്ങൾ കലഹിക്കയും ശണ്ഠയിടുകയും ചെയ്തിട്ടും യാചിക്കായ്കകൊണ്ട് കിട്ടുന്നില്ല. നിങ്ങൾ യാചിക്കുന്നുവെങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന്ന് വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല (യാക്കോബ് 4:2, 3). മനുഷ്യന്റെ ഹൃദയം കഠിനപ്പെട്ടുപോയാൽ അവൻ പ്രാർത്ഥിക്കുകയില്ല. സമൃദ്ധമായി മീൻ ലഭിക്കുന്നതിന് ആഴത്തിലേക്ക് വലയെറിയുവാനാണ് കർത്താവ് ശിമോനോട് പറഞ്ഞത് (ലൂക്കൊസ് 5:4). മതിയായ വിശ്വാസമില്ലാതിരിക്കുമ്പോൾ നാം പ്രാർത്ഥിക്കുകയില്ല.

യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് ലഭിക്കും; അന്വേഷിപ്പിൻ എന്നാൽ കണ്ടെത്തും; മുട്ടുവിൻ തുറക്കപ്പെടും എന്നാണ് നമ്മുടെ കർത്താവ് അരുളിച്ചെയ്തത് (മത്തായി 7:7, 8). തെറ്റായ പ്രാർത്ഥനകളും ദൈവത്തെ പരിമിതപ്പെടുത്തും എന്നറിയുക. ദൈവസന്നിധിയിൽ ശരിയായ ജീവിതം നയിക്കാതെ പ്രാർത്ഥിക്കുമ്പോഴാണ് അവർ കർത്താവിനെ പരിമിതപ്പെടുത്തുന്നത്. .തെറ്റായ കാര്യങ്ങൾക്ക് വേണ്ടി മനഷ്യർ പ്രാർത്ഥിക്കുമ്പോഴും അവർ ദൈവത്തെ പരിമിതപ്പെടുത്തുകയാണ്. കാരണം ദൈവം ആത്മാവാണ്. അവിടെ ദുഷ്ടന്മാരുടെ അഹങ്കാരം നിമിത്തം അവർ നില

വിളിക്കുന്നു. എങ്കിലും ആരും ഉത്തരം പറയുന്നില്ല; വ്യർത്ഥമായുള്ളത് ദൈവം കേൾക്കയില്ല; സർവ്വശക്തൻ അത് വിചാരിക്കയുമില്ല എന്ന് ഇയ്യോബ് പറയുന്നു (ഇയ്യോബ് 35:12, 13). ആളുകൾ തങ്ങളുടെ ജഡിക മായ അഭിലാഷങ്ങൾക്കായി ദൈവത്തോട് യാചിക്കുന്നതുകൊണ്ട് അവർ ദൈവത്തെ പരിമിതപ്പെടുത്തുകയാണ്. ശരിയായ ബൈബിൾ പഠനം നട ത്താതിരിക്കുന്നതും ദൈവത്തെ പരിമിതപ്പെടുത്തുവാൻ കാരണമാകും. തിരുവെഴുത്തുകൾ നമുക്ക് വേണ്ടി സൂക്ഷിച്ചിരിക്കുന്നത് എന്തിനാണെന്ന് നിങ്ങൾക്ക് അറിയാമോ? നമുക്ക് ദൈവവചനത്തോടുള്ള മനോഭാവമ നുസരിച്ചാണ് ദൈവം നമ്മുടെ പ്രാർത്ഥനയോട് പ്രതികരിക്കുന്നത്.

നാം സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവരാകു വാൻ ഉപദേശത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസ ത്തിനും പ്രയോജനമുള്ളതാകുന്നു (2 തിമൊഥെയൊസ് 3:16, 17). അതു കൊണ്ടാണ് ദൈവവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി നിൽപാൻ ശ്രമിക്ക എന്നു നമ്മോട് ആജ്ഞാപിച്ചിരിക്കുന്നത് അതിനാലാണ് (2 തിമൊഥെയൊസ് 2:15). അവനെ വെളിപ്പെടുത്തി തന്നിരിക്കുന്നത് അവന്റെ വചനത്തിലാണ്. ആ വചനം പഠിക്കുവാൻ നാം പരാജയപ്പെടുമ്പോൾ നാം ദൈവത്തെ പരി മിതപ്പെടുത്തുന്നു. വചനം പഠിക്കാത്തവർ സുവിശേഷം മറ്റുള്ളവരോട് അറിയിക്കയോ ആത്മാക്കളെ നേടുകയോ ചെയ്യുന്നില്ല. പാൽ കുടിക്കു ന്നവൻ എല്ലാം നീതിയുടെ പചനത്തിൽ പരിചയമില്ലാത്തവൻ അത്രെ. നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവിന്റെ രക്ഷാപദ്ധതി അടങ്ങുന്ന വചനത്തേക്കാൾ നാം വായിക്കുന്നത് സ്പോർട്ട്സ് വാർത്തകളോ രാഷ്ട്രീയവാർത്തകളോ ആണെങ്കിൽ നാം വാസ്തവത്തിൽ ദൈവത്തെ പരിമിതപ്പെടുത്തുകയാണ്.

എന്റെ ജനം പരിജ്ഞാനമില്ലായ്കയാൽ നശിച്ചുപോകുന്നു എന്നാണ് ഹോശേയ പ്രവാചകൻ യഹോവക്കായി മുന്നറിയിച്ചത് (ഹോശേയ 4:6). കർത്താവിന്റെ ശിഷ്യത്വം സ്വീകരിക്കുകയും സ്വീകരിച്ച പരിജ്ഞാനമ നുസരിച്ച് ജീവിക്കാതിരിക്കയും ചെയ്യുമ്പോൾ അവർ ദൈവത്തെ പരി മിതപ്പെടുത്തുന്നു. കർത്താവിന്റെ വേല ചെയ്യുവാൻ നിരസിക്കുന്നവർ കർത്താവിനെ പരിമിതപ്പെടുത്തുകയാണ്. അവന്റെ നാമം നിമിത്തം സഭ യിൽ പ്രവർത്തിക്കുവാൻ കൂട്ടാക്കാതിരിക്കുന്നത് കർത്താവിന് മഹത്വം കൊടുക്കാതിരിക്കലാണ്. ദൈവം പറയുന്നത് ഇന്നു നീ എന്റെ തോട്ട ത്തിൽ പോയി ജോലി ചെയ്യുക എന്നാണ് (മത്തായി 21:28). കർത്താ വിന്റെ സഭയിലുള്ള ഓരോ വ്യക്തിയുമാണ് കർത്താവിനായി വേല ചെയ്യേ ണ്ടത്. നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല ജാതികളോടും

സുവിശേഷം പ്രസംഗിപ്പിൻ; വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. നിങ്ങൾക്ക് കർത്താവ് നൽകിയിരിക്കുന്ന ജോലി മറ്റാർക്കും ചെയ്യുവാൻ സാധ്യമല്ല. കർത്താവിന്റെ സഭയിലെ ഓരോ അംഗവും അവനവന്റെ പ്രവൃത്തി ശരിയായി ചെയ്യുവാൻ തയ്യാറായാൽ നാം അവനെ മഹത്വപ്പെടുത്തുകയും അവന് പരിമിതികളില്ല എന്നു ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

കർത്താവിന്റെ വീണ്ടും വരവ് വരെ അഥവാ ലോകാവസാനം വരെ സുവിശേഷപ്രവർത്തനം തുടരണമെന്നാണ് ദൈവേഷ്ടം. അതിനായി ദൈവം അപ്പൊസ്തലന്മാർക്ക് ശേഷം സഭയിൽ സുവിശേഷകന്മാരെയും ഉപദേഷ്ടാക്കന്മാരെയും നിയോഗിച്ചിരിക്കുന്നു. അത് ദൈവഹിതം എല്ലാ മനുഷ്യരിലേക്കും എത്തിക്കുന്നതിനാണ്. ദൈവത്തെ അറിയാത്തവർക്കും കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും ദൈവം നിത്യശിക്ഷാവിധിയാണ് വെച്ചിരിക്കുന്നത്. അതേ സമയം ദൈവത്തെ അറിഞ്ഞ് സുവിശേഷം അനുസരിച്ചവർക്ക് സ്വർഗത്തിൽ നിത്യജീവനുമാണ് വെച്ചിരിക്കുന്നത്. ഈ ലോകത്തിൽ ജനിച്ചു വളരുന്ന ഓരോ വ്യക്തിയും ഇത് അറിഞ്ഞിരിക്കണം. ഇപ്പോൾ അറിയായ്മയുടെ കാലമല്ല. അറിഞ്ഞ സത്യം അവർ മറ്റുള്ളവരോട് അറിയിക്കണം എന്ന് ദൈവം അരുളിച്ചെയ്തിരിക്കുന്നു. നിങ്ങൾ പുതിയ നിയമത്തിൽ വായിക്കുന്ന സുവിശേഷം അനുസരിച്ച് ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി തീർന്നിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അതിന് തയ്യാറാകുക. കാരണം നാളെ എന്നത് നിങ്ങൾക്കുള്ളതല്ല. ദൈവം സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞാനിയുമാണ്. അവനെ ആരും പരിമിതപ്പെടുത്തരുത്. മനുഷ്യഹൃദയത്തിൽ ദൈവം വസിപ്പാൻ ആഗ്രഹിക്കുന്നു. അതിന് നമ്മുടെ ഹൃദയത്തെ പാകപ്പെടുത്തണം. ദൈവം ഏതെങ്കിലും ഒരു സ്ഥലത്തോ, പള്ളിയിലോ ക്ഷേത്രത്തിലോ വസിക്കുകയില്ല. ദൈവസാന്നിധ്യം നിങ്ങൾക്ക് വേണമെന്നുണ്ടെങ്കിൽ അവനെ പ്രസാദിപ്പിക്കുക. അത് അവന്റെ ഇഷ്ടം നിറവേറ്റിയാകണം. ഇന്ന് നിങ്ങൾക്ക് ദൈവത്തെ അനുസരിക്കുവാൻ അവസരമുണ്ട്. നാളെ ലഭിക്കുമോ എന്നുറപ്പില്ല. കാരണം മരണം ആർക്കും ഏതു നിമിഷവും സംഭവിക്കാം എന്നത് മറക്കരുത്. ഒരിക്കൽ മരണവും പിന്നെ ന്യായവിധിയുമാണ് മനുഷ്യർക്ക് ദൈവം നിയമിച്ചിരിക്കുന്നത്. ആകയാൽ ആത്മാവിനെ ദൈവത്തിൽ ഭരമേൽപിക്കുവാൻ നമുക്ക് ഉത്തരവാദിത്തമുണ്ട് എന്നോർക്കുക. നീട്ടിവെക്കൽ നഷ്ടത്തിന് കാരണമായി തീർന്നേക്കാം.

✶

# വലിയോരു യുദ്ധം

## ജോണി രാംസെ

ബൈബിളിൽ ഉടനീളം നാം ഒരു പോരാട്ടത്തെ കുറിച്ച് വായിക്കുന്നു. യുദ്ധം എന്നു കേൾക്കുമ്പോൾ സാധാരണ രാജ്യങ്ങൾ തമ്മിലുള്ള അക്രമാസക്തമായ യുദ്ധമാണ് ഓർമ്മ വരുന്നത്. അതല്ലാതെയുള്ള യുദ്ധവുമുണ്ട് എന്ന് നാം അറിഞ്ഞിരിക്കണം. ആത്മിയമായ യുദ്ധം പുറമെ കാണുവാൻ കഴിയുന്ന ഒന്നല്ല എന്ന് മനസിലാക്കുക. അതിൽ ശരിയായതും തെറ്റായതും, സത്യവും അസത്യവും, ഇരുട്ടും വെളിച്ചവും, സ്വർഗ്ഗവും നരകവും, ദൈവവും സാത്താനും ഉൾപ്പെടുന്നു. പ്രാകൃതവും ആത്മികവും തമ്മിലുള്ള പോരാട്ടം നടക്കുന്നു. ആകയാൽ നമ്മുടെ സൃഷ്ടികർത്താവായ ദൈവത്തിന്റെ മുൻപാകെ ആത്മാർത്ഥവും വിശുദ്ധവുമായ ജീവിതം നയിക്കുവാൻ പ്രയാസമാണ്. "പിശാചിനോടും അവന്റെ തന്ത്രങ്ങളോടും പോരാടി ജയിക്കുവാൻ ദൈവസഹായവും ദൃഢചിത്തതയും ആവശ്യമാണ്. "ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ; പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനിൽപാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗം ധരിച്ചുകൊൾവിൻ. നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല. വാഴ്ച്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകത്തിലെ ദുഷ്ടാത്മസേനയോടുമത്രെ" (എഫെസ്യർ 6:10-12).

നാമോ ലോകത്തിന്റെ ആത്മാവിനെയല്ല, ദൈവം നമുക്ക് നൽകിയത് അറിവാനായി ദൈവത്തിൽനിന്നുള്ള ആത്മാവിനെയത്രെ പ്രാപിച്ചത്. എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അത് അവന്നു ഭോഷത്വമാകുന്നു (2 കൊരിന്ത്യർ 2:12-14). സാത്താൻ നമ്മെ തോൽപിക്കുരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലൊ (2 കൊരിന്ത്യർ 2:11). സത്യം ഒരിക്കലും ഇല്ലാതാകുന്നില്ല. അമസ്യാവ് രാജാവ് ആമോസിനോട് നീ യിസ്രായേലിൽ പ്രവചിക്കരുത്; യെഹൂദാ ദേശത്തിലേക്ക് പോയി അവിടെ ചന്ന് പ്രവചിച്ച് ഉപജീവനം കഴിച്ചുകൊൾക എന്നു പറഞ്ഞു. എന്നാൽ ആമോസ് യഹോവയാണ് എന്നെ ജനത്തിനായി പ്രവചിക്കുവാൻ ആവശ്യപ്പെട്ടത് എന്നു ധൈര്യത്തോടെ പറഞ്ഞു. കൂടാതെ രാജാവ് പ്രവാസത്തിലേക്കു പോകേണ്ടിവരും എന്ന യഹോവയുടെ അരുളപ്പാട് അവൻ മടിക്കാതെ അരുളിച്ചെയ്യുകയും ചെയ്തു എന്ന് നാം

ആമോസിന്റെ പുസ്തകം ഏഴാം അദ്ധ്യായത്തിൽ വായിക്കുന്നു. മൂപ്പന്മാർ സാത്താന്റെ പോരാട്ടത്തെ സൂക്ഷിക്കണമെന്ന് യെഹസ്ക്കേലിന്റെ പുസ്തകം 34-ാം അദ്ധ്യായത്തിലും പ്രവൃത്തികളുടെ പുസ്തകം 20:28 -32ലും മുന്നറിയിച്ചിരിക്കുന്നു.

ധൈര്യത്തോടെ ദൈവത്തിന്റെ വചനം സംസാരിക്കാത്ത ഉപദേഷ്ടാക്കന്മാരും ദൈവത്തിന്റെ അരുളപ്പാട് പ്രസംഗിക്കാത്ത പ്രാസംഗികരും കർത്താവിന്നായി പ്രവർത്തിക്കുന്നവരല്ല (1 പത്രൊസ് 4:11). "മറ്റുള്ളവർ എന്റെ ബന്ധനങ്ങളിൽ എനിക്ക് ക്ലേശം വരുത്തുവാൻ ഭാവിച്ചുകൊണ്ട് നിർമ്മലതയോടെയല്ല, ശാഠ്യത്താലത്രെ ക്രിസ്തുവിനെ പ്രസംഗിക്കുന്നത്. ഏതു വിധമായാലും ക്രിസ്തുവിനെ പ്രസംഗിക്കുന്നു എന്നതിൽ ഞാൻ സന്തോഷിക്കുന്നു" (ഫിലിപ്പിയർ 1:17).സത്യത്തെ ബലികഴിച്ച് ജീവിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നവർ അന്ത്യനാളിലെ ന്യായവിധിയിൽ അവരുടെ പ്രവൃത്തികൾ വെളിപ്പെട്ടു വരും. ആകയാൽ മരണം വരെ വിശ്വസ്തതയോടെ ഓരോരുത്തരും സത്യപ്രകാരം ജീവിക്കുകയാണ് വേണ്ടത്. നമ്മെ പാപത്തിൽനിന്നു സ്വതന്ത്രമാക്കുന്നത് സത്യമാണ്. ദൈവ വചനമാണ് സത്യം. ക്രിസ്തു സത്യമാകയാൽ അവന്റെ വചനം സത്യമാണ്. ആ സത്യപ്രകാരമാണ് ദൈവം മനുഷ്യരെ രക്ഷിക്കുന്നതും അന്ത്യനാളിൽ വിധിക്കുന്നതും.

ക്രിസ്തുവിൽ നമുക്ക് വിജയം ഉണ്ട്. പിശാചിന്റെ ദുഷ്പ്രവൃത്തികളൊന്നും നമ്മുടെ ജീവിതത്തിൽ വരുവാൻ അവസരം നൽകരുത്. "കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ; സൂര്യൻ അസ്തവമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുത്; പിശാചിന്ന് ഇടം കൊടുക്കരുത്" (എഫെസ്യർ 4:27, 28). പിശാചിനോട് എതിർത്തുനിൽപിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടുപോകും (യാക്കൊബ് 4:7). അതു തന്നെയല്ല അപ്പോൾ അവന്റെ ദൂതന്മാർ വിറെക്കുക പോലും ചെയ്യും. പിശാചും അവന്റെ ദൂതന്മാരും വിശുദ്ധന്മാരോടുള്ള പോരാട്ടത്തിൽ അവൻ ജയിക്കുകയില്ല എന്ന് അവന് അറിയാം. പോരാട്ടത്തിന് നാം എപ്പോഴും തയ്യാറായിരിക്കണം. ഒന്നാം നാൾ മുതൽ ഇതുവരെയും സുവിശേഷഘോഷണത്തിൽ നിങ്ങൾക്കുള്ള കൂട്ടായ്മ നിമിത്തം ഞാൻ നിങ്ങളെ ഒക്കെയും എന്റെ ബന്ധനങ്ങളിലും സുവിശേഷത്തിന്റെ പ്രതിവാദത്തിലും സ്ഥിരീകരണങ്ങളിലും ഞാൻ എന്റെ ഹൃദയത്തിൽ വഹിച്ചിരിക്കകൊണ്ട് അങ്ങനെ നിങ്ങളെ എല്ലാവരെയും കറിച്ച് വിചാരിക്കുന്നത് എനിക്ക് ന്യായമല്ലൊ (ഫിലിപ്പിയർ 1:5-7).

സാത്താന്റെ അന്തിമപരാജയം ദൈവം മുന്നൊരുക്കിയിരിക്കയാണ്. അവന് ന്യായവിധി മാത്രമാണ് ഇനി അവശേഷിക്കുന്നത്. ഭൂതലത്തെ

മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാ സർപ്പ മായ പഴയ പാമ്പിനെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു. അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാ ശബ്ദം പറഞ്ഞു കേട്ടത്, ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങി യിരിക്കുന്നു (വെളിപ്പാട് 12:9, 10).നാം ധരിക്കേണ്ട ആയുധത്തെ കുറിച്ച് അപ്പൊസ്തലനായ പൗലൊസ് സ്പഷ്ടമായി രേഖപ്പെടുത്തിയിരിക്കുന്നു. “ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടു വിൻ; പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനിൽപാൻ കഴിയേണ്ടതിന്ന് ദൈവത്തിന്റെ സർവ്വായുധവർഗം ധരിച്ചുകൊൾവിൻ; നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ച്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർഗത്തിലെ ദുഷ്ടാത്മസേ നയോടുമത്രെ. അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ടു ഉറെച്ചു നിൽപാനും കഴിയേണ്ടതിന്നു ദൈവ ത്തിന്റെ സർവ്വായുധവർഗം ധരിച്ചുകൊൾവിൻ” (എഫെസ്യർ 6:10, 13).

ദൈവത്തിന്റെ സർവ്വായുധവർഗത്തെ നാം ശരിയായി ഉപയോഗി ക്കുകയാണെങ്കിൽ ശത്രുവിന് ഒരിക്കലും നമ്മെ പരാജയപ്പെടുത്തുവാൻ കഴിയുകയില്ല. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുകയും നിത്യജീ വനെ പിടിച്ചുകൊള്ളുകയും വേണം. നാം ക്രിസ്തുവിന്റെ ബലത്തിലാണ് ശക്തിപ്പെടേണ്ടത്. ക്രിസ്തുവിൽ അനുസരണം എന്നതു തിരഞ്ഞെടു ക്കാവുന്ന ഒന്നല്ല. നമ്മുടെ സൗകര്യമനുസരിച്ചും നമ്മുടെ ഇഷ്ടപ്രകാ രവും തിരഞ്ഞെടുക്കാവുന്ന ഒന്നാണ് കർത്താവിന്റെ സേവനം എന്നു കരുതുന്നവരുണ്ട്. എന്നാൽ കർത്താവിന്റെ വേല എന്നു പറയുന്നത് ദൈവ കൽപനയാണ്. നിങ്ങൾ എന്നെ കർത്താവേ കർത്താവേ എന്നു വിളിക്കുകയും ഞാൻ പറയുന്നതു ചെയ്യാതിരിക്കുകയും ചെയ്യുന്നത് എന്ത് എന്ന് കർത്താവ് ചോദിച്ചിരിക്കുന്നു (ലൂക്കൊസ് 6:46. നാം ഓരോ രുത്തരും യേശുവിന്റെ ദാസന്മാരാണ്. അവനെ നാം ഹൃദയപൂർവ്വം അനു സരിക്കണം. അനുസരണം യാഗത്തേക്കാൾ ഉത്തമമാണ്.

കർത്താവിനെ സേവിക്കുന്നത് ഒരു ഭാരമായിട്ടല്ല, മറിച്ച് സന്തോഷ മായിട്ടാണ് കാണേണ്ടത്. കാരണം ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗം സന്തോഷിക്കും. ദൈവത്തോടുള്ള സത്യസന്ധതയാണ് ഓരോ വ്യക്തിയുടേയും സമർപ്പണത്തിൽ വേണ്ടത് (റോമർ 14:17). കർത്താവിനെ സേവിക്കുന്നതിനേക്കാൾ പ്രാധാന്യം ലോകത്തിലുള്ള നമ്മുടെ ജീവിത ത്തിനുണ്ട്. വചനപ്രകാരമുള്ള ജീവിതം നയിക്കാതെ എത്ര വലിയ സേവനം നടത്തിയാലും അത് പ്രയോജനം ചെയ്യുകയില്ല. നമ്മുടെ സ്തുതിയും സ്തോത്രവും യാചനയും സ്വർഗം ശ്രവിക്കും. ദൈവമക്ക

ളുടെ നിലവിളി ദൈവസന്നിധിയിൽ എത്തുമെന്ന വാഗ്ദാനം നമുക്ക് ഉണ്ട്. അത് നമുക്ക് ധൈര്യം പകരുന്നതു തന്നെയാണ്. സത്യത്താലും അനുസരണത്താലുമായിരിക്കണം നമ്മുടെ സേവനം. ന്യായവിധി വ്യക്തി പരമായിരിക്കുന്നതുപോലെ ദൈവിക സേവനവും വ്യക്തിപരമാണ്. നാം പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം ക്രിസ്തുവിന്റെ അധികാരപ്രകാരം ആയിരിക്കണം. നാം ഒന്നിലും വിചാരപ്പെടാതെ എല്ലാം സ്തോത്രത്തോടെ ദൈവത്തിൽ ഭരമേൽപിക്കുകയാണ് വേണ്ടത്.

ശരിയായ സേവനം വാസ്തവത്തിലുള്ള ആശ്രയത്തിൽ അധിഷ്ഠിതമായിരിക്കണം. നമ്മുടെ ജീവിതം വിജയകരമാക്കി തീർക്കുവാനുള്ള സഹായം ബൈബിൾ വായിച്ചാൽ അതിൽ ഉടനീളം ദർശിക്കുവാൻ കഴിയും. ഈ നിത്യമായ സത്യം നമ്മെ അന്തിമമായ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നു. "പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെ ആക്കും. നിനക്ക് തന്നെ നീ ജ്ഞാനിയായി തോന്നരുത്" (സദൃശവാക്യങ്ങൾ 3:5-7). എല്ലാം സൃഷ്ടിച്ചവൻ ദൈവം ആകുന്നു. അവന്നു മാത്രമെ നമ്മുടെ പാതകളെ നേരെയാക്കുവാൻ കഴിയു. നമുക്ക് ശരിയായി തോന്നുന്ന വഴികളെല്ലാം ചെന്നെത്തുന്നത് നാശത്തിലായിരിക്കും. ഞാൻ ആരോഗ്യം ലഭിക്കേണ്ടതിന്ന് അപേക്ഷിച്ചു എങ്കിലും കാര്യങ്ങൾ ശരിയായി ചെയ്യുവാൻ അവൻ എന്നെ ബലഹീനനാക്കി എന്ന് ആരോ പറയുകയുണ്ടായി. ജഡത്തിലെ മുള്ള് നീങ്ങി പോകുവാൻ പൗലൊസ് മൂന്നു പ്രാവശ്യം ദൈവത്തോട് യാചിച്ചു. പക്ഷെ എന്റെ കൃപ നിനക്ക് മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്ന മറുപടിയായിരുന്നു അവന്നു ലഭിച്ചത് (2 കൊരിന്ത്യർ 12:9).

‘‘അവൻ എന്നെ വിളിച്ചപേക്ഷിക്കും; ഞാൻ അവന്ന് ഉത്തരം അരുളും; കഷ്ടകാലത്ത് ഞാൻ അവനോടുകൂടെ ഇരിക്കും; ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും" (സങ്കീർത്തനങ്ങൾ 91:15). ദൈവത്തിന്റെ മഹത്തായ ഈ വാഗ്ദാനം നമുക്ക് ധൈര്യവും ഉറപ്പും നൽകുന്നു. അവൻ നമുക്ക് നൽകുമെന്നു പറഞ്ഞിരിക്കുന്ന വാഗ്ദാനം അവന്റെ കരുണയെയും കരുതലിനെയും തെളിയിക്കുന്നതാണ്. ബൈബിളിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിൽ ഒന്നാണ് കരുണാമയനായ ദൈവം എന്നത്. സങ്കീർത്തനക്കാരൻ അത് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. "എന്റെ അനർത്ഥ ദിവസത്തിൽ അവർ എന്നെ ആക്രമിച്ചു; എന്നാൽ യഹോവ എനിക്ക് തുണയായിരുന്നു; അവൻ എന്നെ വിശാലതയിലേക്ക് കൊണ്ടുവന്നു; എന്നിൽ പ്രസാദിച്ചിരുന്നതുകൊണ്ട് എന്നെ വിടുവിച്ചു"

(സങ്കീർത്തനങ്ങൾ 18:18, 19). സ്വർഗത്തിൽ ഒരു ദൈവം ഉണ്ട് എന്ന വിശ്വാസത്തിലായിരുന്നു അവൻ തന്റെ ജീവിതത്തെ നയിച്ചിരുന്നത്. എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും അവനിൽനിന്നത്രെ വരുന്നത് എന്നാണ് യാക്കോബ് രേഖപ്പെടുത്തിയിരിക്കുന്നത് (യാക്കോബ് 1:17).

സകല ആത്മീകാനുഗ്രഹങ്ങളും ക്രിസ്തുവിൽ അവനത്രെ നമുക്ക് നൽകുന്നത് (എഫെസ്യർ 1:3). ദൈവം നമുക്ക് ആശ്വാസവും സംരക്ഷണവും നൽകുവാൻ ആഗ്രഹിക്കുന്നു. കൂടാതെ അവനിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവർക്ക് അവൻ സന്തോഷവും നൽകും (റോമർ 15:13). ദൈവം നമ്മുടെ സങ്കേതവും കോട്ടയുമാണ്. "ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു; അതുകൊണ്ട് ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും അതിലെ വെള്ളം ഇരെച്ചു കലങ്ങിയാലും നാം ഭയപ്പെടുകയില്ല" (സങ്കീർത്തനങ്ങൾ 46:1, 2). ദൈവം നമ്മെ തുടർച്ചയായി നയിക്കുകയും നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യും." എന്നാൽ നിങ്ങൾ ധൈര്യമായിരിപ്പിൻ; നിങ്ങളുടെ കൈകൾ തളർന്നുപോകരുത്; നിങ്ങളുടെ കൈകളുടെ പ്രവൃത്തിക്ക് പ്രതിഫലം ഉണ്ടാകും" (2 ദിനവൃത്താന്തം 15:7). നാം ദൈവവചനം അനുസരിച്ച് രക്ഷിക്കപ്പെട്ടു കഴിഞ്ഞാൽ വിശ്വാസത്താൽ സകല പരീക്ഷണങ്ങളെയും അതിജീവിച്ച് ജീവിച്ചാൽ ദൈവം വാഗ്ദാനം ചെയ്ത പ്രതിഫലം ഉറപ്പാണ്. അപ്പോൾ നാം പാപസംബന്ധമായി മരിച്ച് ദൈവസംബന്ധമായി ജീവിക്കുകയാണ്. ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല; ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങളല്ല; കോട്ടകളെ ഇടിപ്പാൻ ശക്തിയുള്ള ദൈവത്തിന്റെ ശക്തിയുള്ളവ തന്നെ. പിന്നെ പാപം നമ്മിൽ കർത്തൃത്വം നടത്തുവാൻ അനുവദിക്കരുത്.

ക്രിസ്തുവിൽ അർപ്പിതമായ ജീവിതമാണ് വാസ്തവത്തിൽ ദൈവത്തിന് പ്രസാദകരമായത്. ഏതൊരു ദൈവ പൈതലും ദൈവ കൽപനകൾക്ക് വിധേയപ്പെട്ടുവേണം ജീവിക്കുവാൻ. ദൈവകൽപനകളിൽ ചുരുക്കം ചിലത് അനുസരിക്കുകയും മറ്റുള്ളവ അനുസരിക്കാതിരിക്കയും ചെയ്യുന്നത് ശരിയായ അനുസരണമല്ല. കർത്താവിനെ വാസ്തവത്തിൽ സ്നേഹിക്കുന്നവർ അവനെ അനുസരിക്കും. കർത്താവിനെ അനുഗമിക്കുന്നവനാണല്ലോ ക്രിസ്ത്യാനി. അപ്പോൾ അവൻ പറയുന്നത് അനുസരിക്കാതെ അവനെ പിൻപറ്റുന്നു എന്നു പറയുന്നത് വിരോധാഭാസം തന്നെയാണ്. പാരമ്പര്യവിശ്വാസമോ മാനുഷകൽപനകളോ നമ്മെ രക്ഷിക്കുന്നില്ല.

# ജീവനുള്ള വ്യക്തിയെ കുഴിച്ചിടുമോ?

## എഡ്ലി ജിൽപിൻ

സാധാരണയായി ജീവനുള്ള ആരെയും കുഴിച്ചിടാറില്ല; മരിച്ചവരെയാണ് കുഴിച്ചിടുന്നത് എന്ന് പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ. ന്യായപ്രമാണത്തിൻ കീഴിൽ ആരെങ്കിലും ജീവനുള്ള ഒരാളെ കുഴിച്ചിട്ടാൽ, അയാളുടെ വ്യക്തിപരമായ സകല അവകാശങ്ങളും നിഷേധിക്കുകയും മരണത്തോളം ശിക്ഷ നടത്തുകയും ചെയ്യും. അത്തരം പ്രവൃത്തി കർശനമായ പരിശോധനക്ക് വിധേയമാക്കുകയും ചെയ്യും. ഭൗതികമായി ഇത്തരം സംഭവങ്ങൾ വിരളമായിട്ടാണ് സംഭവിക്കുന്നതെങ്കിലും ആത്മിയമായി മതപരമായ ലോകത്തിൽ അസംഖ്യമാണ് താനും. പക്ഷെ അതിന് ആളുകൾ അത്ര ഗൗരവം കൊടുക്കുന്നില്ല. ദൈവം അത് വളരെ ഗൗരവത്തിലാണ് കാണുന്നത്. അതുകൊണ്ട് ആ വിഷയത്തെ നാം ഗൗരവത്തിൽ തന്നെ പരിഗണിക്കണം. "അല്ല, യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ" (റോമർ 6:3, 4).

മുകളിൽ പ്രതിപാദിച്ച വേദഭാഗവും അതിനോടനുബന്ധമായുള്ള വേദഭാഗങ്ങളും വ്യക്തമാക്കുന്നത് സ്നാനം എന്ന ക്രിയയിൽ മരണവും അടക്കവും ഉയർപ്പും ഉൾപ്പെടുന്നു എന്നാണ്. സ്നാനത്തെ ഒരു ചടങ്ങായോ അടയാളമായോ കരുതി വചനത്തിൽ പറയുന്ന സ്നാനത്തിന്റെ ഉദ്ദേശത്തേയും അർത്ഥത്തേയും ആളുകൾ മാറ്റിയിരിക്കുന്നു. മതപരമായ ലോകം എന്തു പഠിപ്പിക്കയും ചെയ്യുകയും ചെയ്യുന്നു എന്നതല്ല നാം നോക്കേണ്ടത്. ഓരോ വിഷയത്തെ കുറിച്ചും ദൈവം എന്തു പറയുന്നു എന്നതിനാണ് പ്രാധാന്യം. മനുഷ്യൻ ഇന്ന് വിശ്വസിച്ചാൽ മാത്രം മതി എന്ന് കരുതി ജീവിക്കുന്നവർ വളരെയാണ്. അതായത് അനുസരണ ക്രിയകളുടെ ഒന്നും ആവശ്യമില്ല. അവർ പറയുന്ന കാരണം യേശു സർവ്വമനുഷ്യരുടേയും പാപങ്ങൾക്ക് വേണ്ടിയാണ് മരിച്ചത്. അതുകൊണ്ട് നാം ഇനി ഒന്നും ചെയ്യേണ്ട ആവശ്യമില്ല. ഇത് തിരുവെഴുത്തിനും ദൈവേഷ്ടത്തിനും വിരുദ്ധമാണ്.. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമാണ്. സുവിശേഷം അനുസരിക്കാത്തവരെ ദൈവം ശിക്ഷിക്കും എന്ന്

വ്യക്തമായി പഠിപ്പിക്കുന്നു. വിശ്വാസം മാത്രം മതി എന്നു പറയുന്നവർ ധാർമ്മിക നിലവാരത്തിനായി വാദിക്കുന്നതെന്തിന്? ദൈവത്തെ അനുസരിക്കുന്ന പ്രവൃത്തികൾ നമ്മിൽ നിന്നും അവൻ പ്രതീക്ഷിക്കുന്നു. ദൈവം തന്നെ അനുസരിക്കുന്നവർക്കാണ് തന്റെ പരിശുദ്ധാത്മാവിനെ നൽകുന്നത്. തന്നെ അനുസരിക്കുന്നവരെയാണ് കർത്താവ് രക്ഷിക്കുന്നത്. അനുസരിക്കാത്തവരെ അവൻ രക്ഷിക്കുകയില്ല എന്നത് പകൽ പോലെ സത്യമാണ്.

വീണ്ടും ജനിക്കാതെ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ആർക്കും സാധ്യമല്ല എന്ന് ക്രിസ്തു അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരിക്കുന്നു. ദൈവത്തിന്റെ നിബന്ധനകൾക്ക് മാറ്റമില്ല. യേശു ക്രിസ്തു ആണെന്ന് ഒരാൾ വിശ്വസിച്ചുകഴിഞ്ഞാൽ അയാൾ മാനസാന്തരപ്പെടുവാനായി ദൈവം ആഗ്രഹിക്കുന്നു എന്ന് തിരുവെഴുത്ത് ബോധ്യപ്പെടുത്തുന്നു (ലൂക്കൊസ് 13:3; പ്രവൃത്തികൾ 17:30). ജീവന്റെ വഴിയിലേക്കുള്ള ഒരു ഗതി മാറ്റമാണ് മാനസാന്തരം. പാപമനുഷ്യനെ മരിപ്പിക്കണം (റോമർ 6:6). അതോടൊപ്പം അവൻ ചെയ്തിരുന്ന സകല പ്രവൃത്തികളും മരിപ്പിക്കണം (എഫെസ്യർ 3:9). പിന്നെ എന്താണ് ആ വ്യക്തി ചെയ്യേണ്ടത്? സ്വാഭാവികമായും ക്രിസ്തു ദൈവപുത്രനാണെന്ന് ഏറ്റുപറഞ്ഞ് പാപസംബന്ധമായി മരിച്ച വ്യക്തിയെ വെള്ളമാകുന്ന കല്ലറയിൽ അടക്കം ചെയ്യണം (റോമർ 10:10; പ്രവൃത്തികൾ 8:37). ബൈബിൾ അനുസരിച്ച് ഒരാൾ വിശ്വസിക്കുമ്പോൾ രക്ഷിക്കപ്പെടുകയോ വീണ്ടും ജനിക്കപ്പെടുകയോ ചെയ്യുന്നില്ല. ദൈവത്തെ പ്രസാദിപ്പിക്കുവാൻ നാം പൂർണ്ണമായി അവനെ അനുസരിക്കണം. ദൈവം മനുഷ്യർക്ക് ഒരു രക്ഷാപദ്ധതി ഒരുക്കിയിരിക്കുന്നു. അതിനു മാറ്റം വരുത്തുവാൻ ആർക്കും സാധ്യമല്ല. ഒരാൾ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോഴാണ് അയാളുടെ പാപങ്ങൾ മോചിച്ചുകൊടുക്കുന്നത് (റോമർ 8:4; ഗലാത്യർ 3:27).

മനുഷ്യർ രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യർക്കിടയിൽ മറ്റൊരു നാമമില്ല. കർത്താവ് വെളിപ്പെടുത്തിയ ഒരു രക്ഷാമാർഗമല്ലാതെ മറ്റൊരു മാർഗവുമില്ല. ഈ അന്ത്യകാലത്ത് ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സത്യം എല്ലാവരും മനസിലാക്കി അത് അങ്ങനെ തന്നെ സ്വീകരിക്കണം. തന്നെയുമല്ല വിശ്വാസം മാത്രം മതി എന്നു പറയുന്നവർക്ക് മരിച്ച് അടക്കപ്പെടുവാൻ കഴിയുന്നില്ല എന്നോർക്കുക. അവർക്ക് യേശുക്രിസ്തുവിനോട് ചേരുവാനും സാധ്യമല്ല. .സ്നാനം ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനുമാണ്. തിരുവെഴുത്ത് ആധാരമായുള്ള സ്നാനം ഏൽക്കാത്തവർക്ക് പുതിയ ജീവിതം കാണുകയില്ല. ആത്മിയമായി പുതുതായി ജനിച്ച് വളരുവാനാണ് യേശുക്രിസ്തുവിന്റെ നിർദ്ദേ

ശം. വചനം വായിച്ച് മനസിലാക്കാതെ ഒരാളുടെ ജീവിതം ക്രമപ്പെടുത്തുവാൻ സാധ്യമല്ല. വെള്ളത്തിൽ അടക്കപ്പെട്ടശേഷം ഉയിർത്തെഴുന്നേറ്റു വരുന്ന വ്യക്തിയുടെ ജീവിതം നേരെ എതിരായിരിക്കുമെന്നർത്ഥം. അതിനായി ആ വ്യക്തി തന്റെ ജീവിതത്തെ ദൈവത്തിൽ സമർപ്പിക്കണം.

സ്നാനം നമ്മെ രക്ഷിക്കുന്നു എന്ന് വേദപുസ്തകം വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു (1 പത്രൊസ് 3:21). പക്ഷെ മനുഷ്യർ പറയുന്നത് സ്നാനം രക്ഷക്ക് ആവശ്യമില്ല എന്നാണ്. അത് വചനത്തിന് എതിരാണ്, ദൈവേഷ്ടത്തിന് വിരുദ്ധവുമാണ് (പ്രവൃത്തികൾ 2:38; മർക്കൊസ് 16:16). .സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകി കളക എന്നാണ് അനന്യാസ് എന്ന സുവിശേഷകൻ ശൗലിനോട് ആജ്ഞാപിച്ചത് (പ്രവൃത്തികൾ 22:16). സ്നാനത്തിന്റെ ഉദ്ദേശം പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത് നിങ്ങൾ വായിച്ചാൽ മനസിലാകും. മതവിഭാഗങ്ങളെല്ലാം ദൈവകൽപനകളെ വളച്ചൊടിച്ച് വ്യാഖ്യാനിച്ച് അവരുടെ പ്രവൃത്തികളെ ന്യായീകരിച്ചുകൊണ്ടിരിക്കുകയാണ്. ജീവനോടെ ജീവിച്ചിരിക്കുന്നവർ തങ്ങൾക്ക് രക്ഷ ആവശ്യമാണെന്ന് ബോധ്യമായി അനുസരിക്കുവാൻ സ്വയം ഏൽപിച്ചുകൊടുക്കണം. മതങ്ങളോ, സമ്പ്രദായങ്ങളോ, ആചാരങ്ങളോ ആരെയും രക്ഷിക്കുകയില്ല. ദൈവത്തിന് ഏക രക്ഷിതാവും മദ്ധ്യസ്ഥനുമാണുള്ളത്. നമ്മെ രക്ഷിക്കുവാൻ ക്രിസ്തുവിനെ ഈ ഭൂമിയിലേക്ക് അയച്ചു. അവൻ തന്റെ ദൗത്യം പൂർത്തിയാക്കി. നമ്മൾ ഓരോരുത്തരും അവന്റെ രക്ഷാ നിബന്ധനകൾക്ക് വിധേയപ്പെടണം. ഭൂമിയിൽ ജീവിച്ചിരിക്കുന്ന മനുഷ്യരുടെ പാപങ്ങൾ മോചിച്ചുകൊടുപ്പാനുള്ള അധികാരം ക്രിസ്തുവിനു മാത്രമാണുള്ളത്. നിങ്ങൾ വചനപ്രകാരം സ്നാനം ഏറ്റ് രക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ ഇന്നു തന്നെ അതിനു തയ്യാറാകുക. മരണം ഏത് സമയത്തും സംഭവിക്കാമെന്നതിനാൽ, ദൈവത്തെ അനുസരിക്കുന്നത് നീട്ടി വെച്ച് ആത്മാവിനെ നഷ്ടപ്പെടുത്തരുത് എന്ന് വിനീതമായി അപേക്ഷിക്കട്ടെ.

നിങ്ങൾ സമുദായത്തെയോ മനുഷ്യരെയോ ഭയപ്പെടാതെ ദൈവത്തെ ഭയപ്പെടുക. അവനാണ് പരമാധികാരി. വേദപുസ്തകം നിങ്ങൾ വായിച്ചിട്ടുണ്ടോ? ക്രിസ്തുവിന്റെ രക്ഷാമാർഗം നിങ്ങൾ സ്വീകരിക്കണം. രക്ഷ വ്യക്തിപരമാണ്. മരിച്ച് അടക്കപ്പെട്ട കർത്താവ് എന്നേക്കുമായി ഉയർത്തെഴുന്നേറ്റു ജീവിക്കുന്നു. അവൻ സകല മനുഷ്യർക്കുമായിട്ടാണ് മരിച്ചതു. പാപങ്ങളിൽനിന്നു ജനത്തെ രക്ഷിപ്പാനാണ് അവൻ യാഗമായി തീർന്നത് എന്നത് വിസ്മരിക്കരുത്.

# മുന്നറിയിപ്പ് അടയാളങ്ങൾ

## ക്ലാരെൻസ് ഡൊലോഖ്

പഴയ നിയമത്തിലും പുതിയ നിയമത്തിലും മുന്നറിയിപ്പുള്ള ധാരാളം അടയാളങ്ങൾ കാണാം. മുന്നറിയിപ്പുകൾ അപകടം ഒഴിവാക്കുവാൻ സഹായകരമാണ്. മുന്നറിയിപ്പുകളെ അവഗണിക്കുന്നവരാണ് അപകടം ക്ഷണിച്ചുവരുത്തുന്നത്. "പ്രത്യാശയുടെ സ്വീകാരം മുറുകെ പിടിച്ചുകൊൾക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ. ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തിക്കും ഉൽസാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾവിൻ" (എബ്രായർ 10:23, 24). സഭയുടെ കൂടിവരവിന്റെ പ്രാധാന്യം വളരെ വലുതാണ്. എന്നാൽ പലപ്പോഴും ചില ക്രിസ്ത്യാനികൾ ആരാധനയും ബൈബിൾ പഠനവും ഉപേക്ഷിക്കുന്നു. കാരണങ്ങൾ അവർക്ക് പറയുവാനുണ്ട്.. ഓരോരുത്തർക്കും പ്രഥമ പരിഗണനക്കായി സ്വീകരിക്കുന്ന കാര്യങ്ങൾ വ്യത്യസ്തമാകാം. പക്ഷെ ആരാധനയുടെ കാര്യത്തിൽ നാം ദൈവത്തെ എങ്ങനെ കാണുന്നു എന്നത് പരമപ്രധാനമാണ്. നാം ഇടക്ക് ആരാധന മുടക്കി മറ്റുകാര്യങ്ങൾക്ക് പോയാലും ദൈവം ക്ഷമിക്കും എന്നായിരിക്കും അവർ കരുതുന്നത്. ദൈവം ചെയ്യരുത് എന്നു പറഞ്ഞിട്ടുള്ള കാര്യം ചെയ്യുവാൻ തുനിയുമ്പോൾ നാം ദൈവത്തെ മാനിക്കുന്നില്ല.

ആരാധന മുടക്കുന്നത് ആദ്യം വലിയ കുഴപ്പമായി തോന്നുകയില്ല. പക്ഷെ തുടർച്ചയായി അതു സംഭവിക്കുമ്പോൾ അയാൾ ദൈവത്തോടുള്ള കൂട്ടായ്മയാണ് അവഗണിക്കുന്നത്. പിന്നീട് അയാളുടെ ഹൃദയം കഠിനപ്പെട്ടുപോകയും തുടർന്നുള്ള അയാളുടെ സംസാരം പോലും ദൈവവും അവന്റെ കൽപനകളാകുന്ന വചനവും അപ്രധാനമെന്ന് വരുത്തുന്നു. അത്തരം അവസ്ഥകൾ സംഭവിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ അങ്ങനെ സംഭവിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഉടനെ തിരുത്തി തിരിയുകയാണ് വേണ്ടത്. കാരണം മനപ്പൂർവ്വമായി ചെയ്യുന്ന പാപത്തിന് ഒരു യാഗവും അവശേഷിക്കുന്നില്ല. തെറ്റുകൾ തെറ്റുകളായി കാണുവാൻ കഴിയാതെ അതിനെ ന്യായീകരിക്കുന്ന സ്ഥിതിയുണ്ടാകും. അതിനു മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നവരും വിരളമല്ല. ഞാൻ എന്റെ തെറ്റു കാണാതിരിക്കയും മറ്റുള്ളവരുടെ തെറ്റുകൾ ഉയർത്തി കാണിക്കയും ചെയ്യുന്നത് ഇത്തരക്കാരുടെ പതിവാണ്. ദൈവത്തോടുള്ള നമ്മുടെ മനോഭാവം അവന്നു പ്രസാദകരമായിരിക്കണം. ദൈവത്തിന്റെ മുന്നറിയിപ്പ് അവഗണിച്ച് നാം സഞ്ചരിച്ചാൽ നമ്മുടെ ആത്മിയമായ

അന്തിമ ലക്ഷ്യസ്ഥാനം നിത്യനാശമായിരിക്കും എന്നോർക്കുക. ഒന്നുകിൽ ദൈവത്തോടുകൂടെ അല്ലെങ്കിൽ പിശാചിനോടുകൂടെ ആയിരിക്കും അന്തിമസ്ഥാനം. അതുകൊണ്ട് നമുക്ക് മുൻപിൽ വെച്ചിരിക്കുന്ന സകല മുന്നറിയിപ്പുകളും നാം സസൂക്ഷ്മം നിരീക്ഷിച്ച് ഗമിക്കണം. ഹൃദയസ്തംഭന ലക്ഷണങ്ങൾ കാണുമ്പോൾ ഉടനെ ആ രോഗിയെ ഡോക്ടറുടെ അടുത്ത് എത്തിക്കുവാനായി മുന്നറിയിച്ചിരിക്കുന്നത് വെറുതെയല്ല. ആവശ്യമായ മുൻകരുതലുകൾ നൽകുവാനാണ്.

നിങ്ങളുടെ ആത്മിയമായ ജീവിതം ഒരിക്കലും നിസാരമായി കാണരുത്. സർവ്വലോകത്തെക്കാളും വിലയുള്ളതാണ് നിങ്ങളുടെ ആത്മാവ്. ആരാധന മുടക്കി ലോകത്തിൽ ജീവിക്കുന്ന ഒരാൾ വെള്ളത്തിൽനിന്നു ചാടി കരയിൽ അകപ്പെട്ട മൽസ്യത്തെപോലെയാണ്. ആത്മികമായ ജീവൻ നഷ്ടപ്പെടുന്നു എന്നതാണ് ഫലം. ആത്മികന്മാർക്ക് മാത്രമെ അതു മനസിലാകയുള്ളു. പ്രാകൃതമനുഷ്യന് അത് ഗ്രഹിക്കുവാൻ കഴിയുന്നതല്ല. ഒരു പുഷ്പത്തെ ചെടിയിൽനിന്ന് അടർത്തിയെടുത്താൽ കുറെ കഴിയുമ്പോൾ അത് വാടുകയും ഉണങ്ങുകയും ചെയ്യും. സഭകൂടിവരുന്നത് സ്വന്തം ആവശ്യങ്ങൾക്ക് മാത്രമല്ല, നമുക്ക് എന്തു ദൈവത്തിന് നൽകുവാൻ കഴിയും എന്നു കാണിക്കുന്നതിനുകൂടെയാണ്. അന്യോന്യം നമുക്ക് എല്ലാവർക്കും പ്രബോധനം ആവശ്യമാണ്. ഒരാൾ തനിച്ചിരുന്നു പ്രാർത്ഥിക്കുന്നത് ആരാധനയല്ല. അത് കൂടിവരവ് ആകുന്നില്ല; അതിനാൽ അതിൽനിന്നു കൂട്ടായ്മ ലഭിക്കുന്നില്ല. സഭായോഗത്തിന്റെ അനുഗ്രഹം അതിനു പകരമായി എന്തു ചെയ്താലും ലഭിക്കുകയില്ല. ആത്മിയമായ ഐക്യതയും ശക്തിയും കൂട്ടായ്മയിൽ ലഭിക്കുന്നു. മനുഷ്യൻ ഏകനായി ഇരിക്കുന്നത് നന്നല്ല എന്ന് സൃഷ്ടികർത്താവ് തന്നെ അരുളിച്ചെയ്തിരിക്കുന്നു. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ മദ്ധ്യേ ഉണ്ടായിരിക്കും എന്ന കർത്താവിന്റെ വാഗ്ദാനം ഭാഗ്യകരമാണ്.

ആദ്യം ആരാധന മുടക്കുന്നയാൾ പിന്നീട് പ്രാർത്ഥനയും, ബൈബിൾ വായനയും ബൈബിൾ പഠനവും ഒഴിവാക്കും. ക്രമേണ ദൈവവുമായി ഒരു ബന്ധവുമില്ലാതെ വെറും പ്രാകൃത മനുഷ്യനായി തീരും. ചിലപ്പോൾ വീട്ടിൽ തന്നെയിരിക്കും. അല്ലെങ്കിൽ കൂട്ടുകാരുമൊത്ത് വിനോദങ്ങളിൽ ഏർപ്പെടും. കുറെ കഴിയുമ്പോൾ കൂട്ടുകാരുടെ ദുശീലങ്ങൾക്ക് വശംവദരായി തീരും.. പിന്നെ സഭയിലുള്ള എല്ലാവരും കാപട്യക്കാരായി ആരോപിക്കപ്പെടും. സഭയെ ഒന്നടക്കം കുറ്റപ്പെടുത്താനും മടിക്കുകയില്ല.

✶

# നിത്യതേജസിന്റെ ഘനം

## വാലസ് അലെക്സാർ

ദൈവ തേജസ് മനുഷ്യർക്ക് നൽകുവാൻ പിതാവായ ദൈവം ആഗ്ര ഹിക്കുന്നു. ആ തേജസ് നാം ജനിക്കുമ്പോൾ ദൈവം നമുക്ക് തരും. പിന്നീട് ഓരോരുത്തരും പാപം ചെയ്യുന്നതോടുകൂടി ആ തേജസ് നാം നഷ്ടമാക്കുന്നു. ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവ തേജസ് നഷ്ടപ്പെട്ടിരിക്കുന്നു എന്നാണ് അപ്പൊസ്തലൻ രേഖപ്പെടുത്തി യിരിക്കുന്നത്. നിങ്ങളുടെ ശരീരത്തിന് എന്തെങ്കിലും കുഴപ്പം സംഭവി ച്ചാൽ നിങ്ങൾ വ്യാകുലപ്പെടുമോ? പ്രായം ചെല്ലുന്തോറും ശരീരം ബല ഹീനമായിക്കൊണ്ടിരിക്കുന്നത് നിങ്ങളെ പ്രയാസപ്പെടുത്തുമോ? ഏതെ ങ്കിലും രോഗം നിങ്ങളുടെ ശരീത്തെ വേദനിപ്പിക്കയും മരിക്കുമോ എന്ന ഭയം നിങ്ങളെ അലട്ടുകയും ചെയ്യുന്നുണ്ടോ? അങ്ങനെയെങ്കിൽ അപ്പൊ സ്തലനായ പൗലൊസിന്റെ മർമ്മപ്രധാനമായ ഒരു പ്രസ്താവന നിങ്ങൾക്കുള്ളതാണ്. ആ സമയത്ത് നമ്മുടെ ഹൃദയത്തിൽ ശരിയായ കാഴ്ച്ചപ്പാടോടുകൂടി കാര്യങ്ങളെ ക്രമപ്പെടുത്തിക്കഴിയുമ്പോൾ നമുക്ക് പ്രത്യാശയുണ്ടാകും. നമുക്ക് ആ തിരുവെഴുത്തും അതുപോലെയുള്ള തിരുവെഴുത്തും നമുക്ക് വലിയ ആശ്വാസവും സമാധാനവും തരും.

“അതുകൊണ്ട് ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നുവെങ്കിലും ഞങ്ങളുടെ അകമെയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘു വായ കഷ്ടം അത്യന്തം അനവധിയായി തേജസിന്റെ നിത്യഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല കാണാത്തതിനെ അത്രെ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു. കാണു ന്നത് താൽക്കാലികം, കാണാത്തതോ നിത്യം” (2 കൊരിന്ത്യർ 4:16 -18). ശാരീരിക ബലഹീനതയും രോഗവും പ്രായവുമെല്ലാം വ്യക്ത മാക്കുന്നത് നമ്മുടെ ശരീരം ഇല്ലാതാകുന്നു എന്ന വസ്തുതയാണ്. പക്ഷെ നമ്മിലുള്ള ആന്തരികമനുഷ്യൻ നാൾക്കു നാൾ പുതുക്കം പ്രാപിക്കണം. പ്രാധാന്യമുള്ളത് ഉള്ളിലെ മനുഷ്യനാണ്. ബാഹ്യമ നുഷ്യൻ വെറും ആവരണം മാത്രമാണ്. നിലനിൽക്കുന്ന അകത്തെ മനുഷ്യനെയാണ് നാം സൂക്ഷിക്കുകയും വളർത്തുകയും ചെയ്യേ ണ്ടത്. കാരണം ദൈവത്തോട് ചേരുന്നത് ആന്തരിക മനുഷ്യനാണ്.

ആ യാഥാർത്ഥ്യം എല്ലാവരും തിരിച്ചറിയണം. പലരും ആത്മിക ജീവിതത്തേക്കാൾ ഭൗതിക ജീവിതത്തിനാണ് പ്രാധാന്യം കൽപിക്കുന്നത്. അങ്ങനെയുള്ളവരാണ് നിരാശപ്പെടുന്നത്. പശ്ചാത്തലം നാം പരിശോധിച്ചാൽ പൗലൊസ് എഫെസൊസിൽ നല്ല പ്രവർത്തനം കാഴ്ചവെച്ചിരുന്നു. എന്നാൽ പള്ളിയിലെ അവന്റെ ധീരമായ പ്രസംഗം എതിർപ്പ് വരുത്തിതീർത്തു. അവൻ അവിടെ തുറന്നോസിന്റെ പാഠശാലയിൽ രണ്ട് വർഷം ദിനം പ്രതി സംവാദിച്ചു പോന്നു. തടസങ്ങളും പ്രതിസന്ധികളും സുവിശേഷ പ്രവർത്തനങ്ങൾക്കിടയിൽ സംഭവിച്ചുകൊണ്ടിരുന്നു. അത് സുവിശേഷത്തിന്റെ തേജസ് വർദ്ധിക്കുവാനിടയാക്കി.

പൗലൊസ് മക്കെദോന്യയിലേക്ക് പോയപ്പോഴായിരുന്നു 2 കൊരിന്ത്യർക്കെഴുതിയ ലേഖനം എഴുതിയത് എന്നു കരുതപ്പെടുന്നു. "സഹോദരന്മാരേ, ആസ്യയിൽ ഞങ്ങൾക്കുണ്ടായ കഷ്ടങ്ങൾ നിങ്ങൾ അറിയാതിരിപ്പാൻ ഞങ്ങൾക്ക് മനസില്ല. ജീവനോടിരിക്കുമോ എന്ന് നിരാശ തോന്നുമാറ് ഞങ്ങൾ ശക്തിക്ക് മീതെ അത്യന്തം ഭാരപ്പെട്ടു. അതേ ഞങ്ങളിലല്ല മരിച്ചവരെ ഉയർപ്പിക്കുന്ന ദൈവത്തിൽ തന്നെ ആശ്രയിപ്പാൻ തക്കവണ്ണം ഞങ്ങൾ മരിക്കും എന്ന് ഉള്ളിൽ നിർണ്ണയിക്കേണ്ടിവന്നു" (2 കൊരിന്ത്യർ 1:8, 9). മരണം അടുത്തിരിക്കുന്നു എന്നു നിങ്ങൾക്ക് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ? അപ്പൊസ്തലനായിരുന്ന പൗലൊസിനു പോലും അങ്ങനെ തോന്നിയിരുന്നു. ശരീരം ബലഹീനമാകുകയും പ്രായാധിക്യത്താൽ ഏതു സമയത്തും മരണം സംഭവിച്ചേക്കാമെന്ന ചിന്തയും വരും. ആ സമയത്ത് ആന്തരികമനുഷ്യൻ നാൾക്കു നാൾ പുതുക്കം പ്രാപിച്ചുകൊണ്ടിരിക്കണം. അതാണ് ആത്മാവിനുള്ള പ്രത്യാശ. തേജസ് ലഭിക്കുന്നത് നമ്മുടെ പുറമെയുള്ള മനുഷ്യനല്ല, മറിച്ച് അകമെയുള്ള മനുഷ്യനാണ്. പൗലൊസ് എവിടെയെല്ലാം കഷ്ടതയനുഭവിച്ചുവോ അതെല്ലാം താൽക്കാലികമെന്ന് അവനു ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് കഷ്ടങ്ങളെല്ലാം നൊടിനേരത്തേക്കുള്ളത് എന്ന് അപ്പൊസ്തലൻ പറഞ്ഞത്. പിന്നീട് ലഭിക്കുവാനുള്ള പ്രതിഫലത്തെകുറിച്ച് അവനു നിശ്ചയമുണ്ടായിരുന്നു. പലർക്കും ഇല്ലാത്തത് അതാണ്. നമ്മൾ വിശ്വാസത്തിൽ ഉറച്ചിരിക്കണം.

രാജാക്കന്മാരുടെ കാലത്ത് അവർ ധരിച്ച പൊൻകിരീടവും മറ്റും തേജസുള്ളതായിരുന്നു എങ്കിലും, അതെല്ലാം താൽക്കാലികമായിരുന്നു. ക്രിസ്ത്യാനികൾക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത് ഒരിക്കലും വാടാത്ത നിത്യതേജസുള്ള കിരീടമാണ്. നിത്യതേജസിന്റെ ഘനം വാഗ്ദാനം ചെയ്ത ദൈവം വിശ്വസ്തനാണ്. അവൻ വാഗ്ദാനം ചെയ്തതൊക്കെ അവൻ നൽകും എന്ന കാര്യം ഉറപ്പാണ്.

പൗലൊസിനെ സംബന്ധിച്ച് കാണാത്തത് കാണുവാൻ കഴിഞ്ഞു എന്നത് പ്രാധാന്യമുള്ള കാര്യമാണ്. ലോകത്തിന് കാണുന്നതു മാത്രമെ കാണുവാൻ കഴിയുന്നുള്ളു. ഇന്നു പലർക്കും ലോകത്തിന്റെ കാഴ്ച്ചപ്പാടാണുള്ളത്. അതുകൊണ്ടാണ് അവർക്ക് പ്രത്യാശയില്ലാത്തത്. നിങ്ങൾക്ക് ചുറ്റും ഒന്നു കണ്ണോടിച്ചു നോക്കുക. നിങ്ങൾക്ക് എന്താണ് കാണുവാൻ കഴിയുന്നത്? ഈ പ്രപഞ്ചത്തിൽ ഭൗതികമായ കണ്ണുകൾകൊണ്ട് കാണുന്നത് മാത്രമെ നിങ്ങൾക്ക് കാണുവാൻ കഴിയുന്നുള്ളോ, അതിനപ്പുറമായി, ഈ ജീവിതത്തിനപ്പുറമായി നിങ്ങൾക്ക് എന്തെങ്കിലും കാണുവാൻ കഴിയുന്നുണ്ടോ?

വിശ്വാസക്കണ്ണാൽ നോക്കിയാൽ മാത്രമെ നമുക്ക് കാണാത്തത് കാണുവാൻ കഴിയുകയുള്ളു. മരണശേഷം സംഭവിക്കാനിരിക്കുന്നത് കാണുവാൻ നമുക്ക് കഴിയണം. ഈ ശരീരം ഇല്ലാതാകുന്നതാണെങ്കിലും മറ്റൊരു ശരീരം നമുക്കായി ദൈവം തരുമെന്ന് മുന്നറിയിച്ചിരിക്കുന്നു. അത് ദൈവികമായ പ്രവചനമാണ്. അത് ലഭിക്കുക തന്നെ ചെയ്യും. അത് തേജസേറിയ ശരീരമാണ്. കാണുന്നത് എല്ലാം താൽക്കാലികവും കാണാത്തതു നിത്യവുമാണ്. ഒരിക്കലും നശിക്കാതെ എന്നേക്കും നിലനിൽക്കുന്ന എന്തെങ്കിലും ഉണ്ടോ? ഈ ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകം എന്നാൽ ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും (1 യോഹന്നാൻ 2:17). അക്ഷരികമായ നിയമം കൊടുത്ത പഴയനിയമ കാലത്ത് ജീവിച്ച വിശ്വാസികളെല്ലാം അതുവരെയും കാണാത്ത കാര്യങ്ങൾ ദൈവമാണ് കൽപിച്ചതെങ്കിൽ അത് വിശ്വസിച്ചിരുന്നു. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ എന്നാണ് യേശുക്രിസ്തു പ്രസ്താവിച്ചത്. ഈ ലോകജീവിതം മനുഷ്യർക്ക് ശാശ്വതമല്ല എന്ന് ദൈവം ആവർത്തിച്ച് മുന്നറിയിച്ചിരിക്കുന്നു. അതുകൊണ്ട് ആരും ജഡത്തിൽ ആശ്രയിക്കരുത്. സ്വന്ത വിവേകത്തിൽ ഊന്നുകയുമരുത്.

വീണ്ടും അപ്പൊസ്തലൻ പറയുന്നത് ശ്രദ്ധിക്കുക. "കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്ക് സ്വർഗത്തിൽ ഉണ്ടെന്ന് അറിയുന്നു. ഈ കൂടാരത്തിൽ ഞരങ്ങിക്കൊണ്ട് ഞങ്ങൾ നഗ്നരായിട്ടല്ല ഉടുപ്പുള്ളവരായിരിക്കുന്നു എങ്കിൽ സ്വർഗീയമായ ഞങ്ങളുടെ പാർപ്പിടം അതിനു മീതെ ധരിപ്പാൻ വാഞ്ഛിക്കുന്നു" (2 കൊരിന്ത്യർ 5:1, 2). പൗലൊസ് സഹിച്ച വേദനയും കഷ്ടതയും എല്ലാം നിത്യതേജസുമായി താരതമ്യം ചെയ്യുമ്പോൾ മുൻപറഞ്ഞത് നൊടിനേരത്തേക്കേയുള്ളു.

✶

# വചനം പ്രസംഗിക്കയും പഠിപ്പിക്കയും

## വാൾട്ടർ സ്റ്റെയിൻ

വചനം അഥവാ തിരുവെഴുത്ത് എന്നു പറയുന്നത് ദൈവത്തിന്റെ അരുളപ്പാടുകളാണ്. പഴയ നിയമവും പുതിയ നിയമവും വചനം തന്നെയാണ്. ലോഗോസ് എന്ന മൂല പദത്തിൽനിന്ന് വരുന്ന ഈ വാക്ക് എല്ലാവർക്കും സുപരിചിതമാണ് ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെയായിരുന്നു, വചനം ദൈവം ആയിരുന്നു (യോഹന്നാൻ 1:1). യേശു തന്റെ ശിഷ്യന്മാർക്ക് കൊടുക്കുന്ന ദൗത്യം ഭൂലോകത്തിൽ ഒക്കെയും പോയി സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ എന്നായിരുന്നു. അത് അവൻ കൽപിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ആയിരുന്നു. വചനം ദൈവത്തിൽനിന്നായതിനാൽ അത് നമ്മെ ആത്മികമായി ജീവിപ്പിക്കും. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നും കർത്താവ് കൽപിച്ചിരിക്കുന്നു (മർക്കൊസ് 16:16). അപ്പോൾ രക്ഷിക്കപ്പെടുന്നതിന് വചനം ആവശ്യമാണ് രക്ഷിക്കപ്പെട്ടശേഷവും മനുഷ്യർ ശരിയായി ജീവിക്കുവാൻ വേണ്ട മാർഗനിർദ്ദേശം ആവശ്യമുള്ളതിനാൽ പിന്നെയും വചനം അനിവാര്യമാണ്.

രക്ഷക്കുള്ള ദൈവശക്തിയാണ് സുവിശേഷം (റോമർ 1:16). ഇരുവായ്ത്തലയുള്ള വാളിനേക്കാൾ മൂർച്ചയുള്ളതാണ് വചനം. അത് മനുഷ്യന്റെ അന്തരേന്ദ്രിയങ്ങളെ വേർപിരിക്കുംവരെ തുളച്ചു ചെല്ലുന്നതാണ് (എബ്രായർ 4:12). രക്ഷാകരമായ സന്ദേശവും ആശ്വാസപ്രദമായ വചനവും വളരെ ഉപകാരപ്രദമാണെന്ന് ഓർക്കുക. വചനമാണ് നമ്മുടെ ഹൃദയത്തിൽ സൂക്ഷിക്കേണ്ടത്. അങ്ങനെയെങ്കിൽ നാം പാപം ചെയ്യാതിരിക്കും. നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ എന്ന് കർത്താവ് തന്റെ ശിഷ്യന്മാരോട് കൽപിച്ചു. അത് ഞാൻ നിങ്ങളോട് കൽപിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ആണ്. ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. നമ്മുടെ നടപ്പ് ശരിയാക്കുവാൻ ദൈവം തന്നിരിക്കുന്നത് വചനമാണ്. ലോകത്തുള്ള മനുഷ്യർ ആധുനികതയിലേക്കും തത്വസംഹിതകളിലേക്കും തിരിയുമ്പോൾ, അവർക്ക് നീതിയുടെ വചനം അഥവാ സത്യം നാം ബോധ്യപ്പെടുത്തി കൊടുക്കണം. അതിനാണ് സുവിശേഷപ്രസംഗവും പത്ഥ്യോപദേശവും നൽകിയിരിക്കുന്നത്. ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ അവൻ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കട്ടെ എന്നാണ് പത്രൊസ് രേഖപ്പെടുത്തിയിരിക്കുന്നത് (1 പത്രൊസ് 4:11).

വിശ്വാസത്തിന് വചനം കേൾക്കണം. യേശുക്രിസ്തു ദൈവപുത്രനാണെന്ന് വിശ്വസിച്ച് ഏറ്റു പറയുവാനും വചനം മനസിലാക്കണം. പാപമോചനത്തിനായുള്ള സ്നാനം എന്തെന്നറിയുവാനും നമുക്ക് വചനം കൂടിയേ തീരു. തന്റെ ഉപദേശങ്ങൾ യേശു അപ്പൊസ്തലന്മാർക്ക് നൽകുകയും അവർ ലോകത്തിലെങ്ങും പോയി പ്രസംഗിക്കുകയും ചെയ്തു. അപ്പൊസ്തലന്മാർ തെറ്റു കൂടാതെ വചനം സംസാരിക്കുന്നതിനും പ്രസംഗിക്കുന്നതിനും പരിശുദ്ധാത്മാവിന്റെ നേരിട്ടുള്ള നടത്തിപ്പ് ഉണ്ടായിരുന്നു. അവരെ അവൻ സകല സത്യത്തിലും വഴി നടത്തുകയും യേശു പഠിപ്പിച്ചതൊക്കെയും അവരെ ഓർപ്പിക്കുകയും ചെയ്തു. ആ സത്യമാണ് അവർ പ്രസംഗിച്ചത്. ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലന്മാരുടെ ഉപദേശം കൈക്കൊണ്ടവർ സ്നാനം ഏറ്റു കർത്താവിനോടും മറ്റു ശിഷ്യന്മാരോടും ചേർന്നു ദൈവത്തെ ആരാധിക്കുവാൻ തുടങ്ങി. ആദ്യക്രിസ്ത്യാനികൾ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ട് പ്രാർത്ഥന കഴിക്കുകയും അപ്പം നുറുക്കുകയും കൂട്ടായ്മ അനുഭവിക്കുകയും ചെയ്തു. അവർ എല്ലാവരും ഹൃദയപരമാർത്ഥതയുള്ളവരായിരുന്നു (പ്രവൃത്തികൾ 2:32).

"ദൈവവചനം പരന്നു; യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി, പുരോഹിതന്മാരിലും വലിയോരു കൂട്ടം വിശ്വാസത്തിന് അധീനരായി തീർന്നു" (പ്രവൃത്തികൾ 6:7). ആദ്യ ക്രിസ്ത്യാനികളുടെ ജീവിത ശൈലി നമുക്ക് ഉത്തേജനം പകരുന്നതാണ്. "പിന്നെ അവർ ദിനമ്പ്രതി ദൈവാലയത്തിലും വീടുകളിലും വിടാതെ ഉപദേശിക്കയും യേശുവിനെ ക്രിസ്തു എന്നു സുവിശേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു (പ്രവൃത്തികൾ 5:42). പുതിയ നിയമ പരിവർത്തനങ്ങളെല്ലാം വിവരിക്കുന്ന പരിവർത്തനങ്ങൾ നടക്കുന്നതിന് അവർ വചനം പൂർണ്ണഹൃദയത്തോടെ അനുസരിച്ചതായി നമുക്ക് കാണാം. വചനം പ്രസംഗിക്ക, സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്ക എന്ന അപ്പൊസ്തലന്റെ ആജ്ഞ എല്ലാ ക്രിസ്ത്യാനികൾക്കുമുള്ളതാണ്. ദൈവ വചനം ആളുകൾക്കിടയിൽ പരക്കണം. ദൈവകൃപയാൽ അവൻ ഒരുക്കിയ രക്ഷ നമുക്ക് ലഭിക്കുവാൻ വേറൊരു വഴിയുമില്ല. യേശു പറഞ്ഞത്, ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല എന്നാണ്. പാരമ്പര്യമോ മാനുഷികമായ ഉപദേശങ്ങളോ അല്ല നമ്മെ രക്ഷിക്കുന്നത്. ക്രിസ്തുവിന്റെ നിർദ്ദോഷവും നിഷ്ക്കളങ്കവുമായ രക്തമാണ്. ആ രക്തം പ്രവർത്തിക്കുന്നത് നാം വചനം അനുസരിക്കുമ്പോൾ ആണ്. ക്രിസ്തുവിന്റെ രക്തത്തെ മാറ്റി നിർത്തിയാൽ വചനമോ, വചനത്തെ മാറ്റി നിർത്തിയാൽ ക്രിസ്തുവിന്റെ രക്തമോ പ്രവർത്തിക്കുകയില്ല എന്നോർക്കുക.

പുതിയ നിയമ ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അപ്പം നുറുക്കുവാൻ കൂടി വന്നു. കാരണം അന്നാണ് യേശു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റത്. "പൗലൊസ് കൂലിക്ക് വാങ്ങിയ വീട്ടിൽ രണ്ട് സംവൽസരം മുഴുവൻ പാർത്തു, തന്റെ അടുക്കൽ വന്നവരെ ഒക്കെയും കൈക്കൊണ്ട് പൂർണ്ണപ്രാഗത്ഭ്യത്തോടെ വിഘ്നം കൂടാതെ ദൈവരാജ്യം പ്രസംഗിച്ചും കർത്താവായ യേശുക്രിസ്തുവിനെ കുറിച്ച് ഉപദേശിച്ചുപോന്നു" (പ്രവൃത്തികൾ 28:30).

ദൈവവചനം പ്രസംഗിക്കയും ക്രിസ്തുവിനെ കുറിച്ച് ഉപദേശിക്കയും ചെയ്തതിനാലാണ് ആദിമ സഭ വളരുകയും, വ്യാപിക്കുകയും ശക്തി പ്രാപിക്കയും ചെയ്തത്. അപ്പൊസ്തലനായ പൗലൊസ് യുവാവായിരുന്ന തിമൊഥെയൊസിന് എഴുതിയിരിക്കുന്നത് നോക്കുക. "വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടുംകൂടെ ശാസിക്ക, തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക; അവർ പത്ഥ്യോപദേശം പൊറുക്കാതെ സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിന് ചെവികൊടുക്കാതെ കെട്ടുകഥകേൾപ്പാൻ തിരിയുന്ന കാലം വരും" (2 തിമൊഥെയൊസ് 4:2, 3). സത്യോപദേശം കേട്ട് വചനപ്രകാരം ജീവിക്കുന്നവരെ തെറ്റിച്ചുകളയുന്ന ദുരുപദേഷ്ടാക്കന്മാർ വരുമെന്ന് വചനം മുന്നറിയിച്ചിരിക്കുന്നു. അതുകൊണ്ട് ഓരോരുത്തരും ജാഗ്രതയുള്ളവരായിരിക്കണം. മദ്ധ്യ നൂറ്റാണ്ടുകളിൽ പലരുടേയും ശക്തമായ സുവിശേഷപ്രസംഗത്തിന്റേയും പത്ഥ്യോപദേശത്തിന്റേയും ഫലമായിട്ടായിരുന്നു പുതിയ നിയമ സഭ പുനരേകീകരിക്കപ്പെട്ടത്. കൂടാതെ നാമധേയ വിഭാഗങ്ങളുടെ തെറ്റായ ഉപദേശങ്ങളെയും ആചാരങ്ങളെയും എടുത്തു കാണിക്കയും ചെയ്തു. സമർപ്പിതരായ സുവിശേഷപ്രാസംഗികരുടേയും മിഷ്ണറിമാരുടെയും കഠിനപ്രയത്നത്താൽ സഭ ശക്തിയോടുകൂടി വളർന്നു വന്നു.

മുൻകാലങ്ങളിൽ കർത്താവിന്റെ സഭയിലെ നമ്മുടെ മുൻഗാമികൾ ചെയ്തതുപോലെ കലർപ്പില്ലാത്ത ദൈവ വചനം അങ്ങനെ തന്നെ പ്രസംഗിക്കയും പഠിപ്പിക്കയും ചെയ്താൽ അതിനു ദൈവം ഉദ്ദേശിക്കുന്ന ഫലം ലഭിക്കും. ഇന്ന് സഭയിൽ ശക്തമായ സുവിശേഷ പ്രസംഗത്തിന്റെ അഭാവമാണ് ഉള്ളത്. ദുരുപദേശത്തിന്റെ സ്വാധീനം വലുതായി ബാധിക്കുന്നില്ല. വചനം വിശ്വസ്ത മനുഷ്യരെ ഭരമേൽപിക്കയും അവർ അത് ശക്തിയോടെ പ്രസംഗിക്കയും ചെയ്യുക എന്നതാണ് ഓരോ ശിഷ്യന്റേയും കടമ. കർത്താവിന്റെ വേല എന്നു പറയുന്നത് ആത്മാക്കളുടെ രക്ഷക്കായുള്ള സേവനമാണ്. കർത്താവിന്റെ സഭയിലെ ഓരോരുത്തരും കർത്താവിന്റെ വേലയിൽ മുതിരണം.

*Watch!*

# SATHYANADAM

## TV PROGRAME

### TRUE GOSPEL MESSAGE

## Speaker:

## Bro.P.K. VARGHESE

## Saturday 6 am to 6.30 am

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!